ശ്രീ. ഇട്ടീര അമ്പൂക്കൻ: "നിങ്ങടെ ഡെമാക്രേറിക് സോഷ്യലിസ്റ്റ് പാർട്ടിയിലെ അംഗങ്ങളായ മി. ശ്രീധറിനും, മി. നടരാജപിള്ളക്കും, മി. എ.കെ. പാപ്പുപിള്ളക്കുംവേണ്ടി വോട്ട കൊടുക്കണം എന്നാണ് അതിൽ പറഞ്ഞിരിക്കുന്നത്".

Mr. Speaker: Does the Hon'ble Member know the source of it?

Sri. Ittiera Ambooken: I do not know, അത് എനിക്ക അറിയാൻപാടില്ലാത്തതുകൊണ്ടാണ് ഞാൻ പറയുന്നത്. Sir, because it is a cyclostyled paper, I thought it might have some connection with the work here.

Mr. Speaker: No, it need not and cannot be read here. Now, we shall go on with the adjournment motion.

Adjournment motion regarding price of rice got down from Uttar Pradesh, etc.

Sri. K. M. Korah: "I beg leave to move for an adjurnment of the business of the House for discussing a definite matter of urgent public importance, namely, the price fixed by the Government of India for rice from 'Uttar Pradesh' of which large quantity has been allotted to this State, and the grave financial disequilibrium that will be caused to the finances of the State and the people."

സർ, അതിപ്രധാനമായ ഈ വിഷയം അതർഹിക്കുന്ന ഗൗരവത്തോടുകൂടി ഈ സഭ ശ്രദ്ധിക്കണമെന്നാണ് ഞാൻ അപേക്ഷിക്കുന്നു. തിരുവിതാംകൂർ-കൊച്ചി ഐക്യസംസ്ഥാനം ക്ഷേണസാധനങ്ങളെ സംബന്ധിച്ചിടത്തോളം വളരെ വൈഷമ്യമേറിയ ഒരു നിലയിലാണ് സ്ഥിതിചെയ്യുന്നതു എന്നുള്ള വിവരം ബഹുമാനപ്പെട്ട എല്ലാ മെമ്പറന്മാർക്കും അറിവുള്ളതാണ്. നമുക്ക്, അതായതു് കൊച്ചി-തിരുവിതാംകൂർ ജനതയ്ക്ക് ഒരു ദിവസത്തേക്ക് ൫,൦൦൦ ടൺ അരി ആവശ്യമാണ്. ആ കണക്കുവച്ചു നോക്കുന്നപക്ഷം തിരുവിതാംകൂർ-കൊച്ചി ഐക്യസംസ്ഥാനത്തിലേക്ക് ആവശ്യമായ .....

ശ്രീ. ടി. കെ. നാരായണപിള്ള: സർ, ൫,൦൦൦ ടൺ അരി ആവശ്യമുള്ളതു് ഒരു ദിവസത്തേയ്ക്കല്ല, ഒരു മാസത്തേയ്ക്കാണ്.

ശ്രീ. കെ. എം. കോര: അതെ, ഒരു മാസത്തേയ്ക്കാണ്. സർ, തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തു് ആകെ വിളയുന്ന നെല്ലിന്റെ ശരാശരി കണക്കെടുത്തു നോക്കുന്നപക്ഷം ഒരാണ്ടിൽ ൫ മാസത്തേയ്ക്കുള്ള അരിയുടെ നെല്ല മാത്രമെ വിളയുന്നുള്ളു. അങ്ങനെയാണെങ്കിൽ ബാക്കിയുള്ള ൭൯പതു മാസത്തേക്ക് ആഹാരസാധനത്തിനുവേണ്ടി നാം അന്യരാജ്യങ്ങളെ ആശ്രയിക്കേണ്ടിയിരിക്കുന്നു. ഈ ൭൯പതു മാസത്തേയ്ക്കു് നമുക്ക ആവശ്യമായിട്ടുള്ളതു് ഏകദേശം ൨,൭൦,൦൦൦ ടൺ അരിയാണ്. അതായതു് ഒരു ദിവസത്തേയ്ക്ക് ൭,൪൫൦ ചാക്ക് അരിയുടെ കണക്കനുസരിച്ചാണ് ഈ സംഖ്യ വരുന്നതു്. ബഹുമാനപ്പെട്ട പ്രധാനമന്ത്രി മുമ്പു സൂചിപ്പിച്ചുപോലെ ഉത്തരപ്രദേശത്തുനിന്നും കിട്ടിക്കൊണ്ടിരിക്കുന്ന അരി ഉപയോഗശൂന്യമാണ്. അത്തരം ഉപയോഗശൂന്യമായ അരിയാണ് നാം അമിതമായ വിലകൊടുത്തു വാങ്ങിക്കുന്നതു്. ഒരു ദിവസത്തേക്ക് നമുക്കാവശ്യമുള്ള ൭,൪൦൦ ചാക്കരിക്ക് ഏകദേശം ൬,൦൦,൦൦൦ രൂപയോളം നഷ്ടപ്പെട്ടുകൊണ്ടാണിരിക്കുന്നതു്. ആ കണക്കുവച്ചു നോക്കുകയാണെങ്കിൽ ൭൯പതു മാസത്തേയ്ക്കുവേണ്ടി ഉപയോഗശൂന്യമായ അരി വാങ്ങുന്നതിലേക്കു ഏകദേശം ൫ കോടി രൂപയാണ് നാം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നതു്. അവിടെനിന്നും വാങ്ങുന്ന അരി നല്ലതല്ലെന്നു മാത്രവുമല്ല അതു മൂന്നാംതരം അരിയുമാണ്. ഉപയോഗശൂന്യമായ ഇത്തരം അരിയുടെ വിതരണകാര്യത്തെപ്പറ്റി ഇൻഡ്യൻ പാർലിമെന്റിൽ അതുസംബന്ധിച്ചുണ്ടായിട്ടുള്ള വാദപ്രതിവാദങ്ങളും ഈ സഭയിലുള്ള എല്ലാ ബഹുമാനപ്പെട്ട അംഗങ്ങൾക്കും അറിവുള്ളതായിരിക്കും. ബഹുമാനപ്പെട്ട മന്ത്രിയുടെ അഭിപ്രായപ്രകാരം ഒരു ചാക്കിൽ രണ്ടു മാണ്ടു് അരിയാണെന്നു ഞാനും സമ്മതിക്കുന്നു. ഒന്നാംതരം അരിക്ക് ൨൨ രൂപ വില നിശ്ചയിച്ചിരിക്കുന്നുവെന്നും അതു് ഇവിടെ വരുന്ന അവസരത്തിൽ ചാക്കൊന്നിനു് ൧൦ രൂപ വരെ വിലവരുന്നുവെന്നും പറയുന്നു. സർ, ഞാൻ ഒന്നു ചോദിച്ചുകൊള്ളട്ടെ. ഇൻഡ്യൻ യൂണിയനിൽ നാം ചേർന്നതുകൊണ്ടു നമുക്കു മുമ്പുണ്ടായിരുന്നതിനേക്കാൾ എത്ര മേന്മയാണ് ഇപ്പോൾ ഉണ്ടായിട്ടുള്ളതു്?

LIBRARY ARCHIVES Kerala Legislative Assembly

അതേസമയം ഇൻഡ്യാഗവമ്മെണ്ടിന്റെ ഭക്ഷ്യവകുപ്പുമന്ത്രി അവിടെനിന്നു പറയുന്നു തിരുവിതാംകൂറിലെ നെല്ലിന്റെ വില കൂട്ടുവാൻ പാടില്ലെന്നു്. അദ്ദേഹത്തിന്റെ മറുപടിപ്രസംഗത്തിൽ യു. പി. ഗവമ്മെണ്ടിന്റെ പ്രവൃത്തിയെ നാം ഒരിക്കലും ആക്ഷേപിക്കുവാൻ പാടില്ലെന്നു തുറന്നു പ്രസ്താവിക്കുകയുണ്ടായി. യു. പി. ഗവമ്മെണ്ടിന്റെ വില നിശ്ചയത്തെ അദ്ദേഹം സർവ്വാത്മനാ സാധൂകരിക്കുകയാണു ചെയ്തിരിക്കുന്നതു്. പോരാഞ്ഞിട്ടു് അദ്ദേഹം പ്രസ്താവിക്കുകയുണ്ടായി, ഈ വിലനിശ്ചയം ആർബിറ്ററി ആയിട്ടുള്ളതല്ലെന്നു്. ശ്രീമാൻ താണുപിള്ള അവർകൾ ഇവിടെ ചോദിക്കുകയുണ്ടായി അവിടത്തെ പ്രൊഡ്യൂസർ മെന്റ് പ്രൈസു് എന്താണെന്നു്. മന്ത്രിനു് നൂറു രൂപ വിലയാണെന്നു് ഇവിടെ മറുപടി പറകയും ചെയ്തു. ഈ രൂപത്തിൽ ഒരുലക്ഷം രൂപയോളം മുന്നാംതരം അരിക്കു കൂട്ടുതൽ കൊടുക്കണമെങ്കിൽ ഈ ഗവമ്മെണ്ടിനു് അതെങ്ങനെ മുതലാക്കുവാൻ സാധിക്കുമെന്നാണു് ഞാൻ ചോദിക്കുന്നതു്. ഈ സന്ദർഭത്തിൽ ഞാൻസർ. സി. പി. രാമസ്വാമിഅയ്യർ അവർകളുടെ സ്വതന്ത്ര തിരുവിതാംകൂർ പ്രസ്ഥാനത്തെപ്പറ്റി ചിന്തിച്ചുപോകുന്നു. സർ, ഞാൻ ഒരു കാര്യം തുറന്നു പ്രസ്താവിച്ചുകൊള്ളട്ടെ. ഇൻഡ്യാഗവമ്മെണ്ടിനു് വടക്കേ ഇൻഡ്യയിലെ നെല്ലിന്റെ വില യഥേഷ്ടം നിശ്ചയിക്കാമെങ്കിൽ, യു. പി. ഗവമ്മെണ്ടിനു് അവിടത്തെ നെൽവില അവരുടെ ഇഷ്ടംപോലെ നിശ്ചയിക്കാമെങ്കിൽ, എന്തുകൊണ്ടു നമുക്കും ഈ രൂപത്തിൽ വില വർദ്ധിപ്പിച്ചുകൂടാ? നെല്ലിന്റെ വില ഇവിടെ വർദ്ധിപ്പിക്കണമെന്നല്ല ഞാൻ പറയുന്നതിന്റെ അർത്ഥം. ആ വസ്തുത ഞാൻ ഇവിടെ പ്രസ്താവിച്ചു എന്നേയുള്ളു. യു. പി.യിൽ മാത്രമല്ല നെല്ലിന്റെ വില അമിതമായി വർദ്ധിപ്പിച്ചിരിക്കുന്നതു്. യു. പി. യിൽ ചാക്കിനു് ൭ ൦ രൂപ വിലകൊടുക്കേണ്ടിവരുമ്പോൾ ഒരുപറ നെല്ലിനു് എകദേശം അഞ്ചുമുക്കാൽ രൂപ വിലവരുന്നതായി കാണാം. ഇന്നാൽ ഇവിടെ ഒരുരൂപ ഫനു അണമാത്രമാണു് നെൽവില നിശ്ചയിച്ചിരിക്കുന്നതു്. ഇവിടത്തേക്കാൾ നാലഞ്ചിരട്ടി വിലയു. പി.യിൽ കൊടുക്കുന്നതു് നീതികരിക്കത്തക്കതാണെന്നു് ഭക്ഷ്യവകുപ്പുമന്ത്രി തുറന്നു പ്രസ്താവിച്ചിട്ടുണ്ടു്. ഈ രൂപത്തിൽ മുമ്പോട്ടുപോയാൽ കാര്യങ്ങൾ എങ്ങനെ നടക്കുമെന്നു ഞാൻ ചോദിച്ചുകൊള്ളുന്നു. ഈ പരിതഃസ്ഥിതി തുടർന്നുകൊണ്ടുപോയാൽ ഇന്നു് ഇവിടെയിരിക്കുന്ന ഈ അളുകൾക്കു് അടുത്തകൊല്ലം ഇതുപോലെ ഇവിടെ സമ്മേളിക്കുവാൻ സാധിക്കുമോ എന്നുപോലും ഞാൻ സംശയിക്കുന്നു. ഇതിനെ നാം ശക്തിയായ ഭാഷയിൽ പ്രതിഷേധിക്കേണ്ടതാണു്. ഇൻഡ്യാഗവമ്മെണ്ടിന്റെ ഒരുദ്യോഗസ്ഥൻ പ്രസ്താവിച്ചതിനെ നാം അതേപടി സമ്മതിക്കണമെന്നില്ല. സർ. സി. പി. രാമസ്വാമി അയ്യരുടെ സ്വതന്ത്ര തിരുവിതാംകൂർ പ്രസ്ഥാനത്തെപ്പറ്റി എതിരഭിപ്രായം പുറപ്പെടുവിക്കുന്നവരോടു ഞാൻ ഒരു കാര്യം ചോദിച്ചുകൊള്ളട്ടെ. യു. പി.യിലെ ഗവമ്മെണ്ടിനു് നെൽവില അവരുടെ ഇഷ്ടംപോലെ വർദ്ധിപ്പിക്കുന്നതിനും അതിനംഗീകാരം ലഭിക്കുന്നതിനും വിഷമമില്ലെങ്കിൽ നമുക്കു് ഇഷ്ടംപോലെ ഇൻഡ്യക്കു വെളിയിൽനിന്നും അരി കൊണ്ടുവരുന്നതിനെ അവർ എന്തിനുവേണ്ടി തടയുന്നു? അവരുടെ പ്രവൃത്തി ന്യായമാണോ, മര്യാദയാണോ എന്നു നാം ചിന്തിക്കേണ്ടതാണു്. ഇൻഡ്യയുടെ ഡാളർ എക്സ്ചേഞ്ചിനെ സഹായിക്കുന്നതിനു് നമ്മുടെ ഐകൃസംസ്ഥാനത്തുനിന്നു് ഇൻഡ്യയുടെ മറ്റു ഏതു ഭാഗങ്ങളിൽനിന്നും കിട്ടുന്നതിനേക്കാൾ കൂടുതലായി തേയില, കാർഡമം, പെപ്പർ മുതലായവ നാം എക്സ്പോർട്ട് ചെയ്യുന്നുണ്ടു്. അതു് ഇൻഡ്യയുടെ ഡാളർ എക്സ്ചേഞ്ചിന്റെ ൨൫ ശതമാനത്തിൽ കുറവല്ലെന്നാണു ഞാൻ മനസ്സിലാക്കുന്നതു്. ഇതുപോലെ സാധനങ്ങൾ കൊടുക്കുന്നപക്ഷം നമുക്കു ചുരുങ്ങിയവിലയ്ക്കു പുറത്തുനിന്നും അരി വാങ്ങിക്കാവുന്നതാണു്. അതിനും ഇൻഡ്യാഗവമ്മെണ്ടു് അനുവദിക്കുന്നില്ല. ഇൻഡ്യൻ കാൺസ്റ്റിറ്റ്യൂഷനിലെ ൨൬൯–ാംവകുപ്പിലേയ്ക്കു് ഈ സഭയുടെ ശ്രദ്ധയെ ഞാൻ ക്ഷണിച്ചുകൊള്ളുന്നു. പുറത്തുനിന്നുവരുന്ന സാധനങ്ങൾക്കു് സെയിൽടാക്സു് ഏർപ്പെടുത്തുവാൻ നമ്മുടെ ഗവമ്മെണ്ടിനു് അധികാരമില്ലെന്നാണു് ഈ വകുപ്പിൽ വ്യവസ്ഥ ചെയ്തിരിക്കുന്നതു്. ഇതേപ്പറ്റി നാം ഗാഢമായും ശാന്തമായും ചിന്തിച്ചുനോക്കേണ്ടതാണു്. ബാല്യ. ടയലത്തു് റാം പ്രസ്താവിക്കുകയുണ്ടായി ഒരു സാധനത്തിന്റെ വില നിശ്ചയിക്കേണ്ടതു് അതിന്റെ എക്കണാമിക്കു് ഫോഴ്സു് അനുസരിച്ചായിരിക്കണമെന്നു്. മാത്രവുമല്ല ഇക്കാര്യത്തിൽ യു. പി. ഗവമ്മെണ്ടിനെ കുറപ്പെടുത്തുവാൻ പാടില്ലെന്നും അദ്ദേഹം പ്രസ്താവിക്കുകയുണ്ടായി.

ഈമാതിരി കാര്യങ്ങളെ സംബന്ധിച്ചും നെൽവില കുറക്കേണ്ടതിനെപ്പറ്റിയും ഇൻഡ്യൻ പാർലിമെൻറിൽ അതിശക്തിയായ ഭാഷയിൽ മദ്രാസിലെ മെമ്പറന്മാർ വാദിക്കുകയുണ്ടായി. അതേസമയത്തു് നമ്മെ പ്രതിനിധീകരിക്കുന്ന മെമ്പറന്മാർ മൗനം അവലം

LIBRARY ARCHIVES Kerala Legislative Assembly

[Sri K. M. Korah]

ബിച്ചതു് തികച്ചും നിർഭാഗ്യകരമായിപ്പോയി. അവക്കു തക്കസമയത്തു വേണ്ട നിർദ്ദേശം കൊടുക്കാതെയിരുന്നതു തെറ്റായിപോയി എന്നു പറയുന്നതിൽ ക്ഷമിക്കണം. ഇവിടത്തെ ഗവണ്മെണ്ടു് ഒരു ശ്രുപ മുതൽ അണ വരെ പൈസ ഇവിടത്തെ കർഷകനു കൊടുക്കുമ്പോൾ യു. പി.യിൽ ഒരു പറ നെല്ലിനു് അഞ്ചുമുക്കാൽശ്രുപാ കൊടുക്കുന്നതിനു് ഇൻഡ്യയിലെ ഭക്ഷ്യകാര്യമന്ത്രി അംഗീകാരം നൽകുന്നുവെങ്കിൽ കുട്ടനാട്ടിലെ കർഷകർക്കു എത്ര ശ്രുപ കൊടുക്കണമെന്നു ഞാൻ ചോദിച്ചുകൊള്ളട്ടെ. യു. പി.യിലാണെങ്കിൽ നിലത്തിൽ- യാതൊരു വളവുംചെയ്യാതെ സുലഭമായി നെൽക്കൃഷി ചെയ്യുവാൻ സാധിക്കും. അങ്ങനെയുള്ള ഒരു സ്ഥലത്തു് അഞ്ചുമുക്കാൽ ശ്രുപ വിലകൊടുക്കുന്നതു് നീതീകരിക്കത്തക്കതാണോയെന്നു ഞാൻ ചോദിച്ചുകൊള്ളുന്നു. ഈ സംഗതി പറയുമ്പോൾ തിരുവിതാംകൂർ–കൊച്ചി സംസ്ഥാനത്തു് ഒരു ശ്രുപ പതിമ്മൂന്നണ ആറു പൈസ വിലകൊടുത്താൽ മതിയെന്നുപറയും. ഈ ശ്രുപത്തിൽ മുമ്പോട്ടുപോയാൽ ഇവിടത്തെ കൃഷി നശിച്ചു് നമ്മെ ഒരു വൈഷമ്യഘട്ടത്തിൽ എത്തിച്ചേക്കുമെന്നുള്ളതിൽ സംശയമില്ല.

ഉദാഹരണമായി ഒരു സംഗതി പറഞ്ഞുകൊള്ളട്ടെ. ഇവിടത്തെ റബ്ബർ കൃഷിക്കാരുടെ സമിതി ആലോചിച്ചു നോക്കുക. ഈ ഐക്യസംസ്ഥാനത്തെ മുതലെടുപ്പു് ഏകദേശം പന്ത്രണ്ടരകോടി ശ്രുപയാണു്. നമ്മുടെ രാജ്യത്തെ റബ്ബറിൽനിന്നും രാജ്യത്തിനു വലിയ വരുമാനം കിട്ടിക്കൊണ്ടിരുന്നു. യുദ്ധകാലത്തു് ഐക്യശക്തികൾ നമ്മുടെ റബ്ബറിനെ പരിപൂർണ്ണമായി ആശ്രയിക്കേണ്ടിവന്നു. അന്നു ഗവണ്മെണ്ടു പറഞ്ഞു, ഈ മരങ്ങൾ വെട്ടിമുറിച്ചാലും തരക്കേടില്ല, കഴിയുന്നത്ര കൂടുതൽ ഉല്പാദനം വർദ്ധിപ്പിക്കണമെന്നും യുദ്ധത്തിനു ശേഷം അതിനു നഷ്ടപരിഹാരം നൽകാമെന്നും. അതിൻപ്രകാരംതന്നെ സ്ട്രാറ്റജിക്കൽ ഇമ്പോർട്ടൻസു് മനസ്സിലാക്കി മദ്രാസു് പ്രവിശ്യയിലെ ഒരു റബ്ബർ കമ്പനിക്കു മുന്നൂലക്ഷം ശ്രുപ ആദായമുണ്ടെങ്കിൽ അതിൽ ഒറ്റ പൈസപോലും അവിടെ നികുതിയായി കൊടുക്കേണ്ട എന്നു തീരുമാനിച്ചിട്ടുണ്ടു്. നേരേമറിച്ചു തിരുവിതാംകൂർ–കൊച്ചി സംസ്ഥാനത്തിലാണെങ്കിൽ മൻപറഞ്ഞ ആദായത്തിൽ ഒരു ലക്ഷം ശ്രുപ നികുതി കൊടുക്കണം. ഇവിടെ ആണ്ടുതോറും നികുതി വർദ്ധിപ്പിച്ചുകൊണ്ടിരിക്കയാണു്. ഇങ്ങനെ നോക്കുന്നപക്ഷം റബ്ബർ വ്യവസായം നശിച്ചുപോകുമെന്നു കണാവുന്നതാണു്. ഇപ്രകാരമുള്ള സംഗതികളെപ്പറ്റി ചിന്തിക്കുമ്പോൾ മദ്രാസു് പ്രവിശ്യയിലേക്കുള്ള ലയനമല്ലേ നല്ലതെന്നു ചിലർ ചോദിച്ചുപോകും. ഇതിൻറെ ഭവിഷ്യത്തിനെ മനസ്സിലാക്കി നാം പ്രവർത്തിക്കുന്നില്ലെങ്കിൽ റബ്ബർ കൃഷിക്കുപറ്റിയ അബദ്ധം നെൽക്കൃഷിക്കും ഉണ്ടാകുമെന്നുള്ളതിൽ സംശയമില്ല. ഇൻഡ്യയുടെ ഇതരഭാഗങ്ങളിൽ ഇല്ലാത്തതായ ഒരു പ്രത്യേകത നമ്മുടെ നാട്ടിലെ പുഞ്ചക്കൃഷിക്കുണ്ടു്. ചിലപ്പോൾ വെള്ളംകിട്ടും, ചിലപ്പോൾ ഉണക്കുകൊണ്ടു കരിഞ്ഞുപോകും. ഓണാട്ടുകരയിലുള്ള നിലങ്ങളെ സംബന്ധിച്ചു പറയുന്നതായാൽ മഴവെള്ളംകൊണ്ടുമാത്രമേ കൃഷിചെയ്യുവാൻ സാധിക്കുകയുള്ളൂ. മഴയില്ലെങ്കിൽ തീർച്ചയായും കൃഷി നശിച്ചുപോകുകതന്നെ ചെയ്യും. അതുപോലെ മഴ കൂടിപ്പോയാൽ അതുകൊണ്ടും കൃഷി നശിച്ചുപോകും. കുട്ടനാടൻ പ്രദേശങ്ങളിലെ നിലങ്ങളുടെ കൃഷി വൈഷമ്യങ്ങളും മറ്റും പരിഗണിക്കുന്നപക്ഷം മൻപ്രസ്താവിച്ച വ്യവസായയുടെ വിഷമം നമുക്കു മനസ്സിലാക്കുവാൻ സാധിക്കുന്നതാണു്. ഒരു സംഗതികൂടി ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്നുകൊള്ളട്ടെ. ഈ മെയ്മാസത്തിൽ ഇവിടത്തെ റേഷൻവിതരണം, സംഭരണം ഇവയെല്ലാം പരിശോധിക്കുന്നതിനായി വിദഗ്ദ്ധന്മാരടങ്ങിയ നാലു മഹാനുഭാവന്മാർ ഇൻഡ്യാഗവണ്മെണ്ടിൽനിന്നു നിയമിച്ചിട്ടുള്ളതനുസരിച്ചു് ഇവിടെ വന്നുചേരുന്നതാണു്. ഇവിടത്തെ ഉല്പാദനം എങ്ങനെയിരിക്കുന്നു, കൃഷിക്കാർക്കു പ്രോത്സാഹനം വല്ലതും നൽകുന്നുണ്ടോ ഈ മാതിരി സംഗതികളെല്ലാം അവരുടെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതാണു്. അല്ലാത്തപക്ഷം കാഷ്യൂ കൃഷിയിൽ ഏർപ്പെട്ടിരിക്കുന്ന ആളുകൾ അതിൽനിന്നും വിരമിക്കേണ്ടിവരുമെന്നും അവരെ മനസ്സിലാക്കേണ്ടതാണു്. യു പി. ഗവണ്മെണ്ടു് അനുവദിച്ചിട്ടുള്ളതുപോലെ അഞ്ചുമുക്കാൽ ശ്രുപ കൃഷിക്കാരനുകൊടുത്തു തിരുവിതാംകൂർ–കൊച്ചി സംസ്ഥാനത്തെ കർഷകരെ എന്തുകൊണ്ടു് അതിലേക്കു ആകർഷിച്ചുകൂടാ എന്നു ഞാൻ ചോദിക്കുന്നു. ബഹു. ഭൗലത്തു് റാം അവർകൾ അദ്ദേഹത്തിൻറെ മറുപടി പ്രസംഗത്തിൽ യു. പി.യിലെ കർഷകരെ നാം അഭിനന്ദിക്കണമെന്നും അവരോടു് നാം കൃതജ്ഞതയുള്ളവരായിരിക്കണമെന്നും പ്രസ്താവിക്കുകയുണ്ടായി. അങ്ങനെയാണെങ്കിൽ ഡോളർ എക്സ്ചേഞ്ചു് ഉണ്ടാക്കിക്കൊടുക്കുന്ന ഇവിടത്തെ കർഷകർ,

LIBRARY ARCHIVES Kerala Legislative Assembly

തേയില, കുരുവണ്ടി മുതലായവ ഉല്പാദിപ്പിക്കുന്നവരോട് ഇൻഡ്യാ ഗവൺമെണ്ട് എത്ര കൃതജ്ഞതയുള്ളവരായിരിക്കണം?

അതിനുംപുറമെ ഇൻഡ്യാഗവൺമെണ്ടിനെ സഹായിക്കുവാൻ നമുക്കു മറെറാരു കാര്യം കൈവന്നിരിക്കുന്നു. അതു് ഇവിടത്തെ ജൂട്ടു് ഉല്പാദനമാണു്. നമ്മുടെ ഗവൺമെണ്ടു മാത്രമല്ല, ഇൻഡ്യാ ഗവൺമെണ്ടും ഇവിടെ ഉണ്ടാക്കുന്ന ജൂട്ടു് കിഴക്കെ ബങ്കാളിൽ ഉല്പാദിപ്പിക്കുന്ന ജൂട്ടിനേക്കാൾ നല്ലതാണെന്നു സമ്മതിച്ചിട്ടുണ്ടു്. ഇപ്പോൾ ഈ രാജ്യത്തു് ഇരുപതിനായിരം ഏക്കർ സ്ഥലത്തു് ജൂട്ടു കൃഷിചെയ്യാൻ പോകുന്നതായി കേൾക്കുന്നു. അങ്ങനെ വരുമ്പോൾ ഇൻഡ്യയുടെ പുരോഗതിക്കു തിരുവിതാംകൂർ–കൊച്ചി സംസ്ഥാനം എത്രൊരു നേട്ടമാണു് ഉണ്ടാക്കിക്കൊടുക്കുന്നതെന്നു മനസ്സിലാക്കാവുന്നതാണു്. അതൊന്നും മനസ്സിലാക്കാതെ തെക്കേ ഇൻഡ്യയിൽ കുറെ ആളുകളുണ്ടെന്നും, അവരോടു് എന്തുപറഞ്ഞാലും നടക്കുമെന്നും ഉള്ള ഒരു മനോഭാവത്തോടുകൂടി ചിലർ തെക്കേ ഇൻഡ്യയിലെ കൃഷിക്കാരെ പ്രോത്സാഹിപ്പിക്കുന്നതിനും ഇവിടത്തെ കർഷകരെ കൊല്ലാനും ശ്രമിച്ചാൽ അതു നടക്കുകയില്ലെന്നു നാം തുറന്നു പറയേണ്ടിയിരിക്കുന്നു. ഈ രീതിയിൽ മുമ്പോട്ടുപോയാൽ ഭരണം സാധ്യമല്ലെന്നു നാം തുറന്നുപറയണം. അല്ലെങ്കിൽ അതു് ഏറെ താമസിയാതെ ബോദ്ധ്യപ്പെടും. ഈ സന്ദർഭത്തിൽ മറെറാരു സംഗതികൂടി ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരണമെന്നു ഞാനാഗ്രഹിക്കുന്നു. യു. പി.യിലെ കർഷകരെ നാം അഭിനന്ദിക്കണമെന്നും അവരോടു നാം കൃതജ്ഞതയുള്ളവരായിരിക്കണമെന്നും കഴിഞ്ഞകൊല്ലം പതിനായിരം ടൺ കൊടുത്തുവെങ്കിൽ ഈ കൊല്ലം ഒരു ലക്ഷത്തിമുപ്പതിനായിരം ടൺ പുറത്തേക്കു കൊടുക്കത്തക്കവണ്ണം അവരെ സഹായിക്കണമെന്നും ബഹു. മന്ത്രിയാണു് പ്രസംഗിച്ചുകഴിഞ്ഞതു. ഇവിടെ ഉല്പാദിപ്പിക്കുന്ന നെല്ലിനു് അഞ്ചുമുക്കാൽ രൂപ വിലനിശ്ചയിക്കുന്നപക്ഷം ഇവിടെ യാതൊരു വൈക്ഷമ്യങ്ങളും ഉണ്ടാകുവാൻ പോകുന്നില്ല. ഇപ്പോൾ ഗ്രോ-മോർ ഫുഡ് ഡിപ്പാർട്ടുമെണ്ടിനുവേണ്ടി ചിലവാക്കുന്ന അനേകലക്ഷം രൂപയും ഫുഡ് പ്രൊഡക്ഷൻ ബോർഡിനുവേണ്ടി ചിലവാക്കുന്ന സംഖ്യയും നമുക്കു ലാഭിക്കുവാൻ സാധിക്കും. ആവശ്യത്തിനു നിലമില്ലെങ്കിൽ പുരയിടത്തിനിടയ്ക്കെങ്കിലും നെൽക്കൃഷി ചെയ്യുകൊള്ളും. അതിൽ സംശയിക്കേണ്ട ആവശ്യമേയില്ല. പറയുന്നു അഞ്ചുമുക്കാൽ രൂപവീതം കൊടുത്തു നമ്മുടെ മലകളിൽ നെല്ലുകൃഷിചെയ്യാൻ പ്രോത്സാഹനം നല്കിയാൽ, അതായതു് യു. പി. ഗവൺമെണ്ടു കർഷകരെ സഹായിക്കുന്നതുപോലെ ഇവിടത്തെ ഗവൺമെണ്ടും സഹായിക്കുന്നപക്ഷം നമുക്കു ഈ വിഷയത്തിൽ യാതൊരു വൈക്ഷമ്യങ്ങളും ഉണ്ടാകുന്നതല്ല. നെല്ലുവില കുറയ്ക്കണമെന്നു ശക്തിയായി വാദിച്ചുകൊണ്ടു മദ്രാസിലെ മെമ്പറായ മി. അഴകേശൻ പ്രസ്താവിച്ചതുപോലെ ഈ സഭയിലെ അംഗങ്ങളും പ്രസ്താവിക്കുമെന്നു ഞാൻ വിചാരിക്കുന്നില്ല. ഇന്നു് ഇൻഡ്യയുടെ പ്രധാനമന്ത്രിപദം അലങ്കരിക്കുന്ന പണ്ഡിറ്റു് ജവഹർലാൽ നെഹ്രു ഒരു യു. പി.ക്കാരനായതുകൊണ്ടു് യു. പി. ഗവൺമെണ്ടിനോടു പക്ഷപാതം കാണിക്കുന്നുവെന്നുള്ള ആരോപണംപോലും പാർലിമെണ്ടിലുണ്ടായി. അപ്രകാരം ഒരാക്ഷേപം ഈ സഭ പുറപ്പെടുവിക്കണമെന്നു ഞാൻ പറയുന്നില്ല. പക്ഷെ സാധാരണക്കാർക്കു് അങ്ങനെ സംശയം തോന്നുന്നതിൽ അവരെ തെറ്റിദ്ധരിക്കുവാനില്ല. ഈ വസ്തുതകൾ പരിഗണിച്ചുനോക്കുന്നപക്ഷം ഇൻഡ്യാഗവൺമെണ്ടു സമ്മതിക്കാത്തതുകൊണ്ടാണു് ഇവിടെ കർഷകർക്കു പ്രോത്സാഹനം നല്കാത്തതെന്നു പറഞ്ഞാൽ അതിനെ നീതീകരിക്കുവാൻ സാധ്യമല്ല. നമുക്കു് ഇറക്കുമതി ചെയ്യപ്പെടുന്ന റൈസിനു ൭൫ ശതമാനം സബ്സിഡി ലഭിക്കുമെങ്കിലും ഇൻഡ്യക്കു് അകത്തുനിന്നും വാങ്ങുന്ന അരിയ്ക്കു സബ്സിഡി കിട്ടുന്നതല്ല. അങ്ങനെയാണെങ്കിൽ നാം എങ്ങിനെയാണു മുമ്പോട്ടു പോകുന്നതു്? ഏതായാലും ഈ സഭയുടെ ശ്രദ്ധ അതിപ്രധാനമായ ഈ കാര്യത്തിലേയ്ക്കു പതിയണമെന്നു ഞാൻ അപേക്ഷിച്ചുകൊള്ളുന്നു. ഈ നാട്ടിലെ കർഷകരുടെ അവശതകൾ എന്താണെന്നു മനസ്സിലാക്കുന്നതിനുവേണ്ടി ഇവിടത്തെ ഫുഡ് പ്രൊഡക്ഷൻ ബോർഡു പ്രസിഡണ്ടിന്റെ അദ്ധ്യക്ഷതയിലോ, അതല്ലെങ്കിൽ ഗവൺമെണ്ടിനു വിശ്വാസമുള്ള മറെറാരുടേയെങ്കിലും അദ്ധ്യക്ഷതയിലോ ഈ തിരുവിതാംകൂർ–കൊച്ചി സംസ്ഥാനത്തിന്റെ വിവിധഭാഗങ്ങളിൽ ഉള്ള നിലങ്ങളിൽനിന്നും പത്തേക്കർ സ്ഥലം വീതമെടുത്തു് ഉടൻ നെൽകൃഷിചെയ്യുന്നതിന്റെ ഉല്പാദനച്ചിലവു് എന്തു വരുമെന്നു കണക്കാക്കി എന്തു വിലയ്ക്കു നെല്ലു വില്ക്കുവാൻ സാധിക്കുമെന്നു കണ്ടുപിടിക്കേണ്ടതാണു. ഉല്പാദനച്ചിലവു് അനുസരിച്ചു നെല്ലിനു വില കൊടുക്കണമെന്നു് ഇൻഡ്യാ ഗവൺമെണ്ടിന്റെ കൃഷ്യുപകൃപ്തമന്ത്രി സമ്മതിച്ചിട്ടുണ്ടു്. ഉല്പാദനച്ചെലവനുസരിച്ചു് ഒരു ചെറിയ ലാഭം കിട്ടത്തക്കവണ്ണം, അല്ലെങ്കിൽ നഷ്ടംവരാത്ത തരത്തിലുള്ള ഒരു വില നിശ്ചയിക്കുന്നതിനുള്ള സഹായസഹകരണങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

[Sri. K. M. Korah]

ഈ ഗവണ്മെണ്ടു ചെയ്യില്ലെങ്കിൽ നമുക്കു വരാൻപോകുന്ന ആപത്തു് നിഷ്പ്രയാസം കണ്ടറിയുവാൻ സാധിക്കും.

യുദ്ധകാലത്തു ബർമ്മയിൽ നിന്നു കുറഞ്ഞവിലയ്ക്കു നമുക്കു ധാരാളം അരി കിട്ടുമായിരുന്നു. അന്നു കൃഷിഡിപ്പാർട്ടുമെൻറു കടലാസിലല്ലാതെ യാതൊരു പ്രവർത്തനവും നടത്തിയിട്ടില്ല. നടത്തേണ്ട ആവശ്യവുമില്ലായിരുന്നു. എന്നാൽ ഇന്നത്തെസ്ഥിതി എന്താണെന്നു ആലോചിച്ചുനോക്കുക. കൃഷിഡിപ്പാർട്ടുമെൻറിന്റെ ഇന്നത്തെ പ്രവർത്തനം ഒട്ടെങ്കിലും തൃപ്തികരമാണോ എന്നു നാം അന്വേഷിക്കേണ്ടതാണു്. ഒരു മന്ത്രിയുടെ കീഴിലിരിക്കേണ്ട ഫുഡ് പ്രൊഡക്ഷൻ ഡിപ്പാർട്ടുമെൻറു മറെറാരു വ്യക്തിയിലേക്കു ഡെലിഗേറുചെയ്തുപോകുന്നതിൽനിന്നുതന്നെ കൃഷിക്കാരുടെ കാര്യത്തിൽ ഗവണ്മെൻറിനു് എത്രമാത്രം താല്പര്യമാണുള്ളതെന്നു് അവക്കു മനസ്സിലാക്കാൻകഴിയും, കൃഷിക്കാരന്റെ പ്രയാസങ്ങളും അവനുവേണ്ടിവരുന്ന കൃഷിച്ചിലവുകളും എന്താണെന്നു ശരിയായി ഗ്രഹിച്ചു് ഉല്പാദനച്ചിലവെങ്കിലും അവനുകൊടുക്കുവാൻ എപ്പാടുചെയ്യുകയാണു് അവനും ജീവിച്ചുപോകട്ടെയെന്നുള്ള സന്മനസ്സു ഗവണ്മെൻറിനുണ്ടെങ്കിൽ ചെയ്യേണ്ടതു്. തിരുവിതാംകൂർ–കൊച്ചിയെ അപേക്ഷിച്ചു് ഉത്തരപ്രദേശത്തെ കൃഷിച്ചിലവു വളരെ കുറവാണു്. നമ്മുടെ കൃഷിക്കാർ സ്വന്തം പ്രയത്നത്തെമാത്രം ആശ്രയിച്ചു ജീവിക്കുന്ന ഈ ഘട്ടത്തിൽ നെല്ലുസംഭരണത്തിൽമാത്രമെ ഗവണ്മെൻറു ശ്രദ്ധപതിപ്പിക്കുന്നുള്ളു എന്നുപറഞ്ഞാൽ—ഉത്തരവാദപ്പെട്ട സ്ഥാനങ്ങളിൽ ഇരിക്കുന്നവർ ക്ഷമിക്കണം—കൃഷിക്കാരനോടു അതിൽപരം അനീതികാണിക്കാൻ ഉണ്ടോ എന്നാണു ഞാൻ ചോദിക്കുന്നതു്? ചങ്ങനാശ്ശേരിയിലും കുട്ടനാടൻ പ്രദേശങ്ങളിലുംമറും ഈ പ്രൊക്യുവർമെൻറു ഉദ്യോഗസ്ഥന്മാർ നിയമം എന്താണെന്നുപോലും നോക്കാതെ, പോലീസിന്റെ സാന്നിദ്ധ്യത്തിൽ കാട്ടിക്കൂട്ടുന്ന വിക്രിയകൾക്കു കണക്കുംകയ്യുമില്ല. കൃഷിക്കാരൻ നെല്ലുകൊടുത്തില്ലെങ്കിൽ, പുരുഷന്മാർ വീട്ടിലില്ലാത്തപ്പോൾ, കേവലം സ്ത്രീകളും കുഞ്ഞുങ്ങളുംമാത്രം വീട്ടിലുള്ളപ്പോൾ യാതൊരു മുന്നറിയിപ്പുംകൂടാതെ യഥേഷ്ടം കള്ളന്മാരെ പിടിക്കൂടുന്നതുപോലെ പോലീസിന്റെ സഹായത്തോടുകൂടി വീട്ടിൽ പ്രവേശിച്ചു തോന്നിയപോലെ നെല്ലെടുക്കുകയാണു് അവർ ചെയ്യുന്നതു്. ഇതു ഏതു തത്വത്തെ, ഏതു നിയമത്തെ അടിസ്ഥാനമാക്കിയാണെന്നു ഞാൻ ചോദിക്കുന്നു. നെല്ല കൊടുത്തില്ലെങ്കിൽ നിയമാനുസൃതമായ നടപടികൾ എടുത്തുകൊള്ളട്ടെ. എനിക്കു പരാതിയില്ല. കൃഷി എന്താണെന്നറിയാതെ, കൃഷിച്ചിലവും കൃഷിവൈഷമ്യങ്ങളും എന്താണെന്നറിയാതെ, എസ്റ്റിമേറു് എന്താണെന്നറിയാതെ പ്രൊക്യൂവർമെൻറു ഉദ്യോഗസ്ഥന്മാർ ഇന്നു കാട്ടിക്കൂട്ടുന്ന അനീതികൾ ദുസ്സഹങ്ങളാണു്. ഇറക്കുമതി ചെയ്യുകയാണെങ്കിൽ ഒരു മന്നു അരിക്കു നൂറു രൂപയും, ഒരു ചാക്കരിക്കു് ൫൦ രൂപയും കൊടുക്കണം. ആ സ്ഥിതിക്കു് ഇവിടത്തെ കൃഷിക്കാരനു് ഉല്പാദനച്ചിലവെങ്കിലും എന്തുകൊണ്ടു കൊടുത്തുകൂടെന്നു് എനിക്കു മനസ്സിലാകുന്നില്ല. കൃഷി വികസിപ്പിക്കാനും പ്രോൽസാഹിപ്പിക്കാനും ഇതാണോ ചെയ്യേണ്ടതെന്നു ഞാൻ ചോദിക്കുന്നു. ഈ വസ്തുതകളെല്ലാം പരിഗണിച്ചു് ഉത്തരപ്രദേശത്തു നടക്കുന്ന അനീതികളെ ഈ സഭ ശക്തിയായി പ്രതിക്ഷേധിക്കണമെന്നും, എന്റെ പ്രമേയത്തോടു് അനുകൂലിക്കണമെന്നും ഞാൻ അപേക്ഷിക്കുന്നു.

Sri. Ambat Eachara Menon: Sir, I second the motion. Sir, there are very many surpuls areas in other parts of India than the U. P. My place, Chittur is such a one. We raise no other crop than paddy and live upon paddy alone. There is neither fish nor maracheeni there. But the Government do not think of this surplus area in the matter of fixing up the price of paddy or in rationing. But the U. P. Government have raised the price of paddy to ameliorate the condition of the people. The people of my place have been crying hoarse for getting adequate price for paddy that they cultivate and get. But the Government have not moved their little finger towards it. If they get very little price why should they produce more paddy. If the Government would help them they would certainly help Government too. Therefore, I implore Government even now to see and learn from what other Governments are doing in this matter, With regard to the other side of the question I leave it to my successors.

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള: സർ, ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുന്നു. നമുക്കു ആവശ്യമുള്ള അരി ഉത്തര പ്രദേശത്തുനിന്നും വരുത്തുകയാണെങ്കിൽ എത്രാണ്ടു പത്തുകോടിരൂപയോളം നമുക്കു നഷ്ടമുണ്ടാകുമെന്നു ഇവിടെ പ്രസ്താവിക്കയുണ്ടായി. ഒരു ലക്ഷം ടൺ അരി നാം വരുത്തുകയാണെങ്കിൽ അതിന്റെ വില ഏകദേശം ൯ കോടി രൂപയോളം ആകു

LIBRARY ARCHIVES Kerala Legislative Assembly

മെന്നാണ് ഞാൻ കണക്കാക്കിയതിൽനിന്ന കാണുന്നതു്. ഇത്ര ഭീമമായ ഒരു നഷ്ടം സഹിച്ചു് ഇവിടത്തെ പാവപ്പെട്ട ആളുകളുടെ പണമെല്ലാം എടുത്തുകൊടുത്തു ഉത്തര പ്രദേശത്തുനിന്നും അരി വാങ്ങാമെന്ന നാം തീരുമാനിച്ചാൽതന്നെയും അതു സാദ്ധ്യമല്ല. ആ വസ്തുത നാം ഇൻഡ്യാഗവണ്മെൻറിനെ ധരിപ്പിക്കേണ്ടിയിരിക്കുന്നു. ഒരു ചാക്കരിക്കു് നൂറ് രൂപാ വില വച്ചിരിക്കുന്നതിൻറെ അടിസ്ഥാനമെന്താണെന്ന തന്നെ നമുക്കു മനസ്സിലാക്കാൻ സാധിക്കുന്നില്ല. ബഹു. ക്ഷേമമന്ത്രി ശ്രീ. ഔലത്തുറാം പറയുകയുണ്ടായി ഉത്തര പ്രദേശത്തിലെ ഗവണ്മെൻറും കൃഷിക്കാരും വളരെ ന്യായസ്ഥർ ആണെന്നു്. അവർ ന്യായമായ വിധം, അതായതു് ഉൽപ്പാദനച്ചെലവിൽനിന്നും വളരെ കൂടുതലല്ലാത്ത ഒരു വിലമാത്രമെ ആവശ്യപ്പെടുന്നുള്ളു എന്നാണു് അദ്ദേഹം പറയുന്നതു്. അങ്ങനെയാണെങ്കിൽ അരിക്കു് ഇത്രത്തോളം വിലക്കൂടുതൽ ഉണ്ടാകുന്നതിനുള്ള കാരണമെന്താണെന്ന മനസ്സിലാകുന്നില്ല. ഇവിടത്തെ കൃഷിക്കാരാണെങ്കിൽ അങ്ങേഅറ്റം മൂന്നു രൂപയിൽ കൂടുതൽ വില ആവശ്യപ്പെടുന്നില്ല. അതായതു് ഉല്പാദനച്ചെലവു കഴിച്ചുവളരെ ചെറിയ ഒരു ലാഭം മാത്രമെ അവർ ആവശ്യപ്പെടുന്നുള്ളു. ഫൻ ൮൮–ൽ ആണെന്ന തോന്നുന്ന ഇഡ്യാ ഗവണ്മെൻറിൽനിന്നും ഇതേപ്പറ്റി അന്വേഷിക്കുവാൻ സർ. ഗ്രിഗറിയുടെ അദ്ധ്യക്ഷതയിൽ ഒരു കമ്മറ്റിയെ നിയമിക്കയുണ്ടായിട്ടുണ്ടു്. ആ കമ്മിറ്റിയുടെ റിപ്പോർട്ടിൽ കാണുന്നതു് ഒരു പറ നെല്ലിനു് ഒരിക്കലും ഒന്നര രൂപയിൽ കൂടുതലാകാൻ പാടുള്ളായെന്നാണു്. പിന്നെ ഓരോ പ്രദേശത്തെയും അധികച്ചെലവിനെ അടിസ്ഥാനമാക്കി വേണമെങ്കിൽ ഒരു ചെറിയ മാർജിൻകൂടി കൊടുക്കാമെന്നും പറഞ്ഞിട്ടുണ്ടു്. അതിൽ കൂടുതൽ ഒരിക്കലും കൊടുക്കരുതെന്നാണു ആ റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ളതു്. അതുപോലെതന്നെ ഇൻഡ്യാഗവണ്മെൻറിൽനിന്നും നമ്മുടെ ഗവണ്മെൻറിലേക്കു് വരുന്ന പല സർക്കുലർകളിലും ഇക്കാര്യം പ്രസ്താവിച്ചിട്ടുണ്ടു്. ഇവിടെ കൃഷിക്കാർ ബോണസ്സു് ആവശ്യപ്പെട്ടപ്പോഴും വില കൂടുതൽ ആവശ്യപ്പെട്ടപ്പോഴും ആ സർക്കുലറുകളുടെ അടിസ്ഥാനത്തിൽ ആ അപേക്ഷകളെ നിരസിക്കയും ഉണ്ടായിട്ടുണ്ടു്. ആ റിപ്പോർട്ടും സർക്കുലറുകളും എല്ലാം വിസ്മരിച്ചു് എന്താണു ഇത്രവളരെ വിലക്കൂടുതൽ ആവശ്യപ്പെടുന്നതെന്ന മനസ്സിലാക്കാൻ വിഷമമായിരിക്കുന്നു. ഒരു പക്ഷെ ഉത്തര പ്രദേശത്തു ഏറ്റപ്പെട്ടിയിരിക്കുന്ന ഭൂമിദാരിസംപ്രദായംകൊണ്ടു് അവിടത്തെ ഗവണ്മെൻറിനും കൃഷിക്കാർക്കും ഒരു വലിയ നഷ്ടം ഉണ്ടാകുന്നുണ്ടു്. അതിൻറെ പരിഹാരത്തിനു വേണ്ടി ഈ ഇനത്തിൽ കുറെ കൂടുതൽ പണമുണ്ടാക്കാമെന്ന ഉദ്ദേശിക്കയാണോ എന്ന സംശയിക്കേണ്ടിയിരിക്കുന്നു. പഞ്ചസാരയുടെ കാര്യത്തിലായാലും മറ്റു കാര്യങ്ങളിലായാലും ഉത്തര പ്രദേശത്തിലെ കൃഷിക്കാരും മറ്റുൽപ്പാദകരും കച്ചവടക്കാരും വളരെ കുഴപ്പക്കാരാണെന്നാണു കാണുന്നതു്. ഭൂമിദാരി സംപ്രദായംകൊണ്ടു് ഉണ്ടാകുന്ന നഷ്ടത്തിനു പരിഹാരമായി സാധാരണകൃഷിക്കാർ കൂടുതൽ വില ആവശ്യപ്പെടുകയും അങ്ങനെ കൂടുതലാവശ്യപ്പെടുന്ന വിലയെ ഗവണ്മെൻറു് അനുകൂലിച്ചു് ന്യായീകരിക്കാൻ ശ്രമിക്കയും ചെയ്യുന്നപക്ഷം അതിൽനിന്നുണ്ടാകുന്ന അനന്തരഫലങ്ങൾ വളരെ കലാപകരങ്ങൾ ആയിരിക്കുമെന്നേ എനിക്കു പറയുവാനുള്ളു. എന്നതന്നെയുമല്ല ഈ കുഴപ്പം ഇപ്പോൾ ദക്ഷിണ ഇൻഡ്യയെ മുഴുവൻ ബാധിച്ചിട്ടുണ്ടെന്നാണു ഞാൻ മനസ്സിലാക്കുന്നതു്. അതു ശരിയാണെങ്കിൽ അതിൽ നിന്നുണ്ടാകാവുന്ന ഭവിഷ്യത്തു കൂടുതൽ ഗുരുതരമായിരിക്കും എന്നുള്ളതിനു സംശയമില്ല. ഈ വസ്തുതകൾ സെൻട്രൽ അസംബ്ലിയിൽതന്നെ ഇതിനകം പലരും പ്രസ്താവിച്ചുകഴിഞ്ഞിട്ടുണ്ടു്.

നമുക്കു വളരെ അപമാനകരമായ പല പ്രസ്താവനകളും അവിടെ നടന്നിട്ടുണ്ടു്. ഇത്തരം അവമാനകരങ്ങളായ പ്രസ്താവനകൾ ആ ഭക്ഷ്യധാന്യങ്ങളുടെ ഉപഭോക്താക്കൾക്കു് എത്രമാത്രം അതൃപ്തി ജനിപ്പിച്ചിട്ടുണ്ടെന്നു ഇൻഡ്യാഗവണ്മെൻറു് മനസ്സിലാക്കേണ്ടതായിരുന്നു. യാതൊരാലോചനയും കൂടാതെ ഈ വിധം സകല തത്വങ്ങളേയും വിസ്മരിച്ചിട്ടു അരിവില കൂട്ടാൻ ഇന്നു ഇൻഡ്യാഗവണ്മെൻറു് അനുവദിക്കുന്നു എന്നു പറയുന്നതിൽ എനിക്കു വലിയ അത്ഭുതമാണുള്ളതു്.

ഇൻഡ്യാഗവണ്മെൻറു് സാധാരണ പറയാറുണ്ടു് ഇൻഫ്ലേഷനെ തടയാൻ ഭക്ഷ്യധാന്യങ്ങളുടെ വില നിയന്ത്രിക്കണമെന്നു. ഉത്തരപ്രദേശത്തെ ഭക്ഷ്യധാന്യങ്ങൾക്കു് വില വർദ്ധിപ്പിച്ചപ്പോൾ ആ വാദം എവിടെപ്പോയി എന്നു ആരും ചോദിച്ചില്ല. അവരുടെ കാര്യം വന്നപ്പോൾ ഇൻഫ്ലേഷനും മര്യാദവിലയുമെല്ലാം അസ്തമിച്ചുപോയി എന്നാണു കാണുന്നതു്. അവരുടെ കാര്യത്തിൽ വിലക്കൂട്ടലിനു ഇൻഫ്ലേഷനൊ മറ്റു കാര്യങ്ങളോ തടസ്സമായി കണ്ടില്ല. മൂകമായ അസംതൃപ്തി വിപ്ലവത്തിൻറെ നാന്ദിയാണെന്ന പരമാർത്ഥ

LIBRARY ARCHIVES Kerala Legislative Assembly

[Sri K. K. Chellappan Pillai]

സെൻട്രൽ ഗവണ്മെൻറിലെ അംഗങ്ങളും അവരുടെ സ്ഥാനത്തിൻറെ പ്രത്യേകതകൊണ്ട് വിസ്മരിച്ചുപോയിരിക്കുന്നു. അതിനു ഞങ്ങളേയുംകൂടി പങ്കാളികളാക്കരുതേ എന്നാണ് എനിക്കു അവരോട് അപേക്ഷിക്കാനുള്ളത്. ഇത്ര ഭീമമായ മരുവിലകൊടുത്തു ഭക്ഷ്യധാന്യങ്ങളും വാങ്ങാൻ നമുക്കു സാദ്ധ്യമല്ല. നമ്മുടെ കൃഷിക്കാർ പറയുന്നു മൂന്നു രൂപാ ആവശ്യപ്പെടുമ്പോൾ അതു കൊടുക്കാൻ നിവൃത്തിയില്ലാത്ത നമ്മൾ, രണ്ടു രൂപാ കൊടുത്തുകൊണ്ടിരിക്കുന്നതു് ഒരു രൂപാ പതിമൂന്നരയണയാക്കാൻ വല്ല മാർഗ്ഗവുമുണ്ടോ എന്നാലോചിച്ചുകൊണ്ടിരിക്കുന്ന നമ്മൾ അഞ്ചരരൂപാ കൊടുത്തു ഉത്തര പ്രദേശത്തുനിന്നും അരി വാങ്ങണമെന്നുപറയുന്നതു വാസ്തവത്തിൽ മനസ്സിലാക്കാൻ പ്രയാസമുള്ള ഒരു കാര്യമാണു്. ഈ വിവരങ്ങൾ ഇൻഡ്യാഗവണ്മെൻറിനെ അറിയിച്ചു് നമ്മുടെ ശക്തിയായ പ്രതിഷേധം രേഖപ്പെടുത്താൻ എന്തുകൊണ്ടു് ഈ ഗവണ്മെൻറു് കാലവിളംബം വരുത്തുന്നുവെന്നാണു ഞാൻ ചോദിക്കുന്നതു്. മന്ത്രി ശ്രീ. ദേവലത്തുറാം ഇവിടം സന്ദർശിച്ച അവസരത്തിൽ കൂട്ടനാട്ടിലേയും മറ്റും കൃഷി കണ്ടു് അമ്പരന്നുപോയിപ്പോലും പറഞ്ഞിട്ടുള്ളതു്. ഇവിടത്തെ കൃഷി വളരെ മാതൃകാപരമാണെന്നും അതു കാണിക്കാൻ അവിടെനിന്നും ഞങ്ങളെ ഇങ്ങോട്ടയയ്ക്കുന്നതാണെന്നും അദ്ദേഹം പറഞ്ഞിട്ടുണ്ടു്. എന്നിട്ടാണു നമ്മുടെ കൃഷിക്കാർക്കു യാതൊരു സഹായവും നൽകാതെ ഉത്തരപ്രദേശത്തെ കൃഷിക്കാർക്കു് കൂടുതൽ പണംകൊടുക്കണമെന്നു് നിർബ്ബന്ധിക്കുന്നതു്. നമ്മുടെ കൃഷിക്കാർക്കു് രണ്ടു രൂപാ കൊടുക്കാൻ കഴിയാത്ത നാം ഉത്തരപ്രദേശത്തെ കൃഷിക്കാർക്കു് എന്തുവന്നാലും അഞ്ചര രൂപാ കൊടുക്കരുതെന്നാണു് എനിക്കു് ശക്തിയായി വീണ്ടും ഉൽബോധിപ്പിക്കുവാനുള്ളതു്. കൂടുതൽ പണം ആവശ്യപ്പെട്ടാൽ അവർക്കു് ആവശ്യമുള്ള കാര്യങ്ങളിൽ നിഷേധരൂപത്തിലുള്ള മറുപടിയും പ്രവർത്തികളുമല്ലാതെ അവർക്കു നമ്മിൽനിന്നും ലഭിക്കരുതു്. കുറഞ്ഞ വിലക്കു നമുക്കു നെല്ലുതരുവാൻ സാദ്ധ്യമല്ലെങ്കിൽ പുറത്തുനിന്നും നെല്ലു് ഇറക്കുമതി ചെയ്യുവാൻ നമ്മെ അനുവദിക്കണം. അതിനുള്ള അവകാശം നമുക്കുണ്ടു്. ആകെയുള്ളതിൽ ഒരു ശതമാനം ഡാളർ നാമാണു് സമ്പാദിച്ചുകൊടുക്കുന്നതു്. അതുകൊണ്ടാണു മെഷീനറി മുതലായി വളരെ ഉപയോഗപ്രദങ്ങളായ സാധനങ്ങൾ അവർക്കു ലഭിക്കുന്നതു്. നമുക്കു നേരിട്ടു കയറ്റുമതി നടത്താമായിരുന്നെങ്കിൽ നമ്മുടെ ആവശ്യത്തിനുള്ള നെല്ലു വിദേശങ്ങളിൽനിന്നും കുറഞ്ഞ വിലയ്ക്കു് വാങ്ങാൻ യാതൊരു പ്രയാസവും ഉണ്ടാകുമായിരുന്നില്ല. അതിനുള്ള കഴിവു നമുക്കുള്ളപ്പോൾ നമ്മെ നമ്മുടെ വഴിക്കു വിട്ടേയ്ക്കുക എന്നു പറയാനുള്ള അവകാശം നമുക്കുണ്ടു്. അങ്ങനെ പറഞ്ഞില്ലെങ്കിൽ നമ്മുടെ കഥ അപകടത്തിൽ തുലയുമെന്നാണു് എനിക്കു പറയാനുള്ളതു്. ഈ വാദം നമുക്കു ശക്തിയായി പുറപ്പെടുവിക്കണമെങ്കിൽ വിവരങ്ങൾ പൊതുജനങ്ങളെ ധരിപ്പിച്ചു് അവരുടെ പിന്തുണ സമ്പാദിക്കേണ്ടതു് ആവശ്യമാണു്.

കമ്മിപ്രദേശങ്ങളിലേക്കു് ആവശ്യമായ ഭക്ഷ്യധാന്യങ്ങൾ കൊടുക്കാനും അവയുടെ വില നിയന്ത്രിക്കാനും ഇൻഡ്യാഗവണ്മെൻറിനു കഴിവില്ലെങ്കിൽ കൺട്രോൾ വിട്ടുകളയുക എന്നുള്ള ഒരു നിർദ്ദേശവും അവർക്കു നൽകേണ്ടിയിരിക്കുന്നു. മഹാത്മാഗാന്ധിതന്നെ പറഞ്ഞിട്ടുണ്ടു്; പത്തുശതമാനം കമ്മിയുള്ള ഈ രാജ്യത്തു കൺട്രോൾ ഏർപ്പെടുത്തുന്നതു ശരിയല്ല, ദോഷകരമാണു്, അതുകൊണ്ടു് അതു് എടുത്തുകളയണമെന്നു്. അതു് ഏതാണ്ടു തീർച്ചപ്പെട്ട സംഗതിയുമായിരുന്നു. പക്ഷെ പിന്നീടു് ഏതോ പ്രേരണയുടെ ഫലമായി അതു വേണ്ടെന്നുവയ്ക്കുകയാണുണ്ടായതു്. കൺട്രോൾ എടുത്തുകളഞ്ഞില്ലെങ്കിലും പോകട്ടെ, കരിഞ്ചന്തവിലയ്ക്കു ഗവണ്മെൻറു നിയമസാധുകരണം നൽകാൻ ശ്രമിക്കുന്നതു കാണുമ്പോഴാണു് എനിക്കു വ്യസനം തോന്നുന്നതു്. കരിഞ്ചന്തവിലയ്ക്കു നിയമസാധുത്വം നൽകി വാങ്ങുന്ന ആളുകൾ അതു കൊടുത്തുകൊള്ളണമെന്നു പറഞ്ഞാൽ നമ്മെപ്പോലെ കമ്മിപ്രദേശങ്ങളിലുള്ളവർ എങ്ങിനെ ജീവിക്കുമെന്നു് എനിക്കു നിശ്ചയമില്ല. കൺട്രോൾ ഏർപ്പെടുത്തുകയാണെങ്കിൽ ആവശ്യത്തിനുള്ള സ്റ്റോക്കു ഗവണ്മെൻറിനുണ്ടായിരിക്കണം. അതു ശരിയായവിധം മറ്റാദേവിലയ്ക്കു വിതരണം ചെയ്യുന്നതിനും കഴിവുണ്ടായിരിക്കണം. ഇതുരണ്ടും സാദ്ധ്യമല്ലെങ്കിൽ അതങ്ങുവച്ചൊഴിയുകയാണു നല്ലതു്. അങ്ങനെ ഒരു നിർദ്ദേശവും നാം നൽകേണ്ടതാവശ്യമാണു്. അതും സാദ്ധ്യമല്ലെങ്കിൽ നമ്മെ പാട്ടിനു വിട്ടേയ്ക്കുക എന്നാണു നമുക്കാവശ്യപ്പെടാനുള്ളതു്. അങ്ങനെയൊരു നിർദ്ദേശം കൊടുക്കുന്നതിനു് ഈ സഭ അനുമതിക്കുമെന്നാണു ഞാൻ വിശ്വസിക്കുന്നതു്. അമേരിക്കയിൽ ഉത്തരസംസ്ഥാനങ്ങളും ദക്ഷിണ സംസ്ഥാനങ്ങളും തമ്മിൽ ഉണ്ടായിരുന്നതുപോലുള്ള വടംവലികളും സംഘട്ടനങ്ങളും ഈ രാജ്യത്തും സൃഷ്ടിക്കുന്നതിനു വഴിതെളിക്കരുതേ എന്നാണു് എനിക്കു ഇൻഡ്യാഗവണ്മെൻറിനോടഭ്യർത്ഥിക്കുവാനുള്ളതു്.

LIBRARY ARCHIVES Kerala Legislative Assembly

79944

Mr. Speaker: The Hon'ble member is going far away from the question of rice.

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള: ഇതുമായി ബന്ധമുള്ളതുതന്നെ. അത്തരം സംഭവങ്ങളും ഇതിൽനിന്നുണ്ടായേക്കാമെന്നു ഞാൻ ഒരു മുൻഅറിയിപ്പു നല്കുകയാണു്. വടക്കൻ പ്രദേശങ്ങളിലുള്ളവർ തെക്കൻ പ്രദേശങ്ങളിലുള്ളവരെ വിഷമിപ്പിക്കുന്ന എന്നുള്ള ഒരഭിപ്രായഗതിഉണ്ടാക്കുന്നതു് അപകടകരമാണെന്നു അവർ മനസ്സിലാക്കണം.

മറെറാരുകാര്യംകൂടി എനിക്കു പറയുവാനുണ്ടു്. അതായതു്, ഇക്കാര്യത്തിൽ ശരിയായവിധം നിവേദനം നടത്താൻ മന്ത്രിമാരെക്കൊണ്ടുമാത്രം സാദ്ധ്യമല്ലെങ്കിൽ ഈ സഭയിലെ എല്ലാ പാർട്ടികളിലേയും അംഗങ്ങടം ഉൾപ്പെട്ട ഒരു കമ്മറ്റി സംഘടിപ്പിച്ചു് അവരെക്കൊണ്ടു് ഇൻഡ്യാഗവൺമെൻറിനെറ മുമ്പിൽ നിവേദനം നടത്തി ഈ പ്രശ്നത്തിനു പരിഹാരം കാണേണ്ടതാണെന്ന ഒരഭിപ്രായവും എനിക്കുണ്ടു്. ഇത്രയും പറഞ്ഞുകൊണ്ടു് ഞാൻ ഈ പ്രമേയത്തെ ശക്തിയായി പിൻതാങ്ങുന്നു.

ശ്രീ. ഇട്ടീര അമ്മുക്കൻ: സർ, ഈ വിഷയത്തെ സംബന്ധിച്ചു ചുരുക്കം ചില കാര്യങ്ങൾമാത്രം പറയണമെന്നു ഞാനാഗ്രഹിക്കുന്നു. യു. പി. ഗവൺമെണ്ടു് അരിവില കൂട്ടിയിരിക്കുന്നതുകൊണ്ടു വളരെ ഗുരുതരമായ ഒരു സ്ഥിതിയാണു തിരുവിതാംകൂർ–കൊച്ചി സംസ്ഥാനത്തുണ്ടായിട്ടുള്ളതെന്നുള്ളതു തീർച്ചയായും ഈ ഗവൺമെണ്ടു മനസ്സിലാക്കേണ്ട ഒരു കാര്യമാണു്. എന്നാൽ ഇന്നത്തെ പരിതസ്ഥിതിയിൽ ഇങ്ങനെ അരിയുടെ വില വർദ്ധിച്ചുവരുന്നുവെന്നുള്ള സംഗതി ഉടനെ പറഞ്ഞു രാജ്യത്തെ ആളുകളെ ഭീതിപ്പെടുത്തേണ്ട ആവശ്യമുണ്ടോ എന്നു ഞാൻ സംശയിക്കുന്നു.

ഈ അടിയന്തിരപ്രമേയം അവതരിപ്പിച്ചുകൊണ്ടു പ്രസംഗിച്ച ശ്രീ. കെ. എം. കോര ഇങ്ങനെയുള്ള ഒരു ഭരണത്തേക്കാൾ മദ്രാസിൽ ലയിക്കുകയാണു നല്ലതെന്നു് അഭിപ്രായപ്പെടുകയുണ്ടായി.

സാഹിബു് ബഹദൂർ പി. എസ്സു്. മുഹമ്മദു്: മദ്രാസു് പ്രാവിൻസിൽ ലയിച്ചാൽ ഈ വിഷമങ്ങളെല്ലാം തീരുമോ?

ശ്രീ. ഇട്ടീര അമ്മുക്കൻ: അദ്ദേഹം പറഞ്ഞ അഭിപ്രായത്തോടു ഞാൻ യോജിക്കുന്നില്ല നമ്മുടെ രാജ്യത്തിനെറ ആത്മാഭിമാനം നിലനിത്തണമെന്നുള്ള ആഗ്രഹത്തോടുകൂടി പ്രവർത്തിക്കുന്ന ഒരുവനാണു ഞാൻ.

മറെറാരാക്ഷേപം ജനങ്ങളുടെ ഇടയിലുള്ളതു് യു. പി. പണ്ഡിറ്റു് നെഹറുവിൻെറ ജനനദേശമാണെന്നും അതുകൊണ്ടാണു് അങ്ങിനെയൊരു പ്രത്യേകത യു. പി. യെ സംബന്ധിച്ചിടത്തോളം ഉള്ളതെന്നും, അതുകൊണ്ടാണു് അരിവിലയിൽ ഈ വർദ്ധനയുണ്ടായതെന്നും ആണു്. അതിൽ വലിയ പരമാർത്ഥമൊന്നും ഉണ്ടെന്നു തോന്നുന്നില്ല.

സർ, ശ്രീ. നെഹറു് യു. പി. യെ സംബന്ധിച്ചു വളരെ പ്രശംസിച്ചു പറയാൻ ഇടയായതു നാം ഇവിടെനിന്നും അങ്ങോട്ടു പറഞ്ഞയച്ചിട്ടുള്ള നമ്മുടെ പ്രതിനിധികളുടെ പ്രാപ്തിക്കുറവുകൊണ്ടാണെന്നാണു് എനിക്കു പറയാനുള്ളതു്. അവർ ഇക്കാര്യങ്ങളെ സംബന്ധിച്ചു ശരിയായി പറഞ്ഞിരുന്നുവെങ്കിൽ, ഇങ്ങനെയുള്ള കാര്യങ്ങളിൽ കുറെ ഒച്ചപ്പാടുണ്ടാക്കിയിരുന്നുവെങ്കിൽ കുറെയെല്ലാം സാധിക്കുമായിരുന്നു. ഈ അസംബ്ലിയിൽ തിരഞ്ഞെടുപ്പു നടന്ന കാലത്തു സ്വന്തം പാർട്ടിയിലുള്ളവരാണെന്നു പറഞ്ഞു കുറെ കുറിച്ചീട്ടുകളെ തിരഞ്ഞെടുത്തു പറഞ്ഞയയ്ക്കുകയായിരുന്നു ചെയ്തതു്. അങ്ങനെ ചെയ്യരുതെന്നു പലരും അന്നു പറഞ്ഞിട്ടുള്ളതാണു്. ഇപ്പോഴും അതു യഥാർത്ഥമായിട്ടുണ്ടു്. അന്നു ഡാക്ടർ പി. ജെ. തോമസ്സിനെപ്പോലെയുള്ള ആളുകളുടെ അഭിപ്രായങ്ങളെ തള്ളിക്കളയാതെ അവരെ തിരഞ്ഞെടുത്തു അയച്ചിരുന്നുവെങ്കിൽ ഇങ്ങനെയുള്ള സംഭവങ്ങടം ഉണ്ടാകുവാൻ ഇടവരികയില്ലായിരുന്നു എന്നു ഞാൻ വിശ്വസിക്കുന്നു. ഇനി കഴിഞ്ഞതിനെപ്പറ്റി പറഞ്ഞിട്ടു പ്രയോജനമില്ല.

സർ, അടിയന്തിരമായി നമുക്കു ചില കാര്യങ്ങടം ചെയ്യേണ്ടതായിട്ടുണ്ടു്. ഒന്നാമതു ഈ ഫുഡ്സ് പ്രൊഡക്ഷൻ, അതായതു് ഭക്ഷ്യവർദ്ധനവു സംബന്ധിച്ചു നമ്മുടെ ഗവൺമെണ്ടു ഇന്നു എടുത്തിട്ടുള്ള നടപടികടം ഒന്നു പൊളിച്ചെഴുതി യഥാർത്ഥത്തിൽ ഏതെങ്കിലും തരത്തിൽ നെല്ലും മറെറ ഭക്ഷ്യധാന്യങ്ങളും കൂടുതൽ ഉല്പാദിപ്പിക്കുവാൻ ശ്രമിക്കണം. അതിനു പ്രാപ്തിയുള്ള ആളുകടം ഉൾക്കൊള്ളുന്ന ഒരു ഫുഡ്സ് പ്രൊഡക്ഷൻ ബോർഡു പുതുതായി ഉണ്ടാക്ക

LIBRARY ARCHIVES Kerala Legislative Assembly

[Sri Ittiera Ambookan]

ണമെന്നാണ് എനിക്ക പറയാനുള്ളത്. കൃഷി സംബന്ധിച്ച കൂടെ പരിചയമുള്ളവരെ പാർട്ടിയിൽനിന്നോ, അസംബ്ലിക്ക പുറത്തുള്ളവരിൽനിന്നോ അന്വേഷിച്ച പിടിച്ച ചേത്ത് ഒരു ഫുഡ് പ്രൊഡക്ഷൻ ബോർഡു പുതുതായി ഉണ്ടാക്കേണ്ട കാലം അതിക്രമിച്ചിരിക്കുകയാണ്.

ഇന്ന യു. പി. ഗവമ്മെണ്ട് അരിക്ക വില കൂട്ടിയിരിക്കുന്നതുകൊണ്ട്, നമ്മുടെ നാട്ടിൽ നിന്നും അയയ്ക്കുന്നതായ കുരുമുളക മുതലായ സാധനങ്ങളുടെ എക്സ്പോർട്ട്മൂലം ഇൻഡ്യയ്ക്ക ലഭിക്കുന്നതായ ഡാളർ മുഴവൻ നമുക്ക ക്രെഡിറ്റചെയ്ത തന്നത്താൻ അതുകൊണ്ട യു. പി. യിൽനിന്നും അരി വാങ്ങിക്കാതെ ഇൻഡ്യയ്ക്ക പുറമെനിന്നും അരി വരുത്തിക്കുടെ എന്നും ഇവിടെ ചോദിക്കുകയുണ്ടായി. അങ്ങനെ ഈ തെക്കേഭാഗക്കാരെ ഒന്ന സഹായിക്കരുതോ എന്നു എനിക്ക മുൻപു പ്രസംഗിച്ച എന്റെ മാന്യസ്നേഹിതൻ പറയുകയുണ്ടായി. അതൊരു തെറ്റായ ധാരണയാണ്. ഇൻഡ്യയ്ക്ക സ്വാതന്ത്ര്യം കിട്ടിക്കഴിഞ്ഞതേയുള്ള. ഇതിനിടയ്ക്കതന്നെ തെക്കും വടക്കും എന്നുള്ള ഒരു വ്യത്യാസം കാണിക്കുന്നതു .....

Mr. Speaker: That advice of the Hon'ble Member seems to be irrelevant—about the chances of a fight between the North and the South.

ശ്രീ. ഇട്ടീര അമ്പൂക്കൻ: പക്ഷെ കാൺഗ്രസ്സിൽപെട്ട ഒരംശം അതു പറഞ്ഞതിലുള്ള ഖേദം ഞാൻ രേഖപ്പെടുത്തുകയാണ്. നമ്മുടെ രാജ്യത്തു ഭക്ഷണസാധനങ്ങൾ നെല്ലുമാത്രമല്ല. നെല്ലുമാത്രം കൂടുതൽ ഉണ്ടാക്കുവാൻ പരിശ്രമിച്ചാൽപോരാ. മത്സ്യവ്യവസായവും പ്രോത്സാഹിപ്പിക്കണം. മത്സ്യവ്യവസായികൾക്ക ഭക്ഷണദൗർലഭ്യം കുറെയൊക്കെ പരിഹരിക്കാൻ സാധിക്കും. യു. പി. യിലെ നെല്ല വില കുറയ്ക്കുവാൻ സാധിച്ചില്ലെങ്കിൽ അവിടെനിന്നും അരി ഇറക്കുമതിചെയ്യാതെതന്നെ ഇവിടെയുള്ള കൃഷിവല്ക്കരിച്ച നമുക്ക കഴിഞ്ഞുകൂടുവാൻ സാധിക്കുമെന്നാണ ഞാൻ പറയുന്നതു. അതുപോലെതന്നെ കപ്പകൃഷി വളരെയധികം പ്രോത്സാഹിപ്പിക്കേണ്ടതു് ആവശ്യമാണ്. ഒരുപക്ഷെ യു. പി. യിൽ നിന്നും കുറഞ്ഞ വിലയ്ക്കു് അരി ലഭിക്കാൻ തൽക്കാലം സാദ്ധ്യമായാൽതന്നെ പിന്നെയും ഈ രോഗം (അതായതു വില വല്ലാവു) ഇടയ്ക്കിടയ്ക്കു് ഉണ്ടായിക്കൊണ്ടിരിക്കുമെന്നാണ് എനിക്ക പറയാനുള്ളതു്. ഗവമ്മെണ്ട് എത്രതന്നെ രൂക്ഷകം ഉണ്ടാക്കിയാലും ബ്ലാക്കുമാർക്കറ്റ നടക്കുകതന്നെ ചെയ്യുമെന്നുള്ളതു തർക്കമറ്റ സംഗതിയാണ്. അതിനുള്ള പ്രധാന കാരണം ഇന്ന നിലവിലിരിക്കുന്ന കൺട്രോൾ വ്യവസ്ഥയാണെന്നുള്ളതു് ഒരു പരസ്യമായ രഹസ്യമാണ്. ബ്ലാക്കു് മാർക്കറ്റ് ഇല്ലാതാക്കുന്നതിനു നാടൊട്ടുക്കുള്ള കൺട്രോൾ എടുത്തുകളയുന്നതു ശരിയായ ഒരു പ്രതിവിധിയാണെന്ന ഞാൻ വിശ്വസിക്കുന്നു. മഹാത്മാഗാന്ധിതന്നെ വളരെ പാവനമായ ഈ അഭിപ്രായം പറഞ്ഞപ്പോൾ അന്ന അതു സ്വീകരിക്കാൻ തുരും ഉണ്ടായിരുന്നില്ല.

Mr. Speaker: No reference need be made about it.

ശ്രീ. ഇട്ടീര അമ്പൂക്കൻ: സർ, അതുകൊണ്ട ഞാൻ പറയുന്നതു തൽക്കാലം യു. പി. ഗവമ്മെണ്ടിനോടും സെൻട്രൽ ഗവമ്മെണ്ടിനോടും നമ്മുടെ ശക്തിയായ പ്രതിഷേധം രേഖപ്പെടുത്തുന്നതിലേക്ക വേണ്ട സത്വരനടപടികൾ ഗവമ്മെണ്ട കൈക്കൊള്ളേണ്ടതാണെന്നാണ്.

സർ, ഈ അടിയന്തിരപ്രമേയം ഇവിടെ ഹാജരാക്കിയ ഇതിന്റെ പ്രയോക്താവു മറ്റൊരു നിർമനത്തിൽ എത്തിയിട്ടുള്ളതിനോടും എനിക്ക യോജിക്കുവാൻ നിവൃത്തിയില്ല. അതായതു് ഇന്ന യു. പി. യിൽ നെല്ല വില വർദ്ധിച്ചിരിക്കുന്നതുകൊണ്ട് ഇവിടേയും ആ വില കൊടുക്കണമെന്ന ഒരു വാദം ഇവിടെ ഉന്നയിക്കുകയുണ്ടായി. അങ്ങനെയാണെങ്കിൽ ഇവിടെ നെല്ലിന പറയുന്നു അഞ്ചോ ആറോ രൂപ കൊടുക്കേണ്ടതായിവരും. അങ്ങനെ വരുമ്പോൾ ഇവിടെ റേഷനിംഗ് സമ്പ്രദായംതന്നെ നടപ്പിലാക്കാൻ സാധിക്കാതെ വരുന്നതാണ്.

Mr. Speaker: These repetitions will not be allowed. That question was referred to in detail already.

ശ്രീ. ഇട്ടീര അമ്പൂക്കൻ: ഇന്ന ഇവിടത്തെ കർഷകർക്ക നെല്ല വില കൂട്ടിക്കൊടുക്കാൻ തുരുകയാണെങ്കിൽ ഈ ഗവമ്മെണ്ടിനു വലുതായ നഷ്ടം സഹിക്കേണ്ടിവരുമെന്നാണ് എ

LIBRARY ARCHIVES Kerala Legislative Assembly

നീക്ക തോന്നുന്നതു്. എന്നാൽ ഇന്നു് ഫുഡ്സ് പ്രൊഡക്ഷൻ സംബന്ധിച്ചു ചിലവാക്കുന്നതുക ഈ ഭാഗത്തെ യഥാർത്ഥ കർഷകർക്ക ബോണസ്സായി കൊടുക്കുന്നപക്ഷം അതു കൂടുതൽ പ്രയോജനകരവും കാര്യക്ഷമവുമായിത്തീരുമെന്നാണു് എന്റെ അഭിപ്രായം.

സർ, ഈ അടിയന്തിരപ്രമേയം ഇവിടെ പാസ്സാക്കുന്നതിനുംപുറമെ ഇതിനെ സംബന്ധിച്ചു നമുക്കുള്ള പ്രതിഷേധം അടിയന്തിരമായി കേന്ദ്രഗവണ്മെണ്ടിനെ അറിയിക്കണമെന്നുകൂടി ഞാൻ അഭ്യർത്ഥിച്ചുകൊള്ളുന്നു.

ശ്രീ. കെ. എം. ചാണ്ടി: സർ, ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുന്നു. ഈ സഭയിലെ എല്ലാ വിഭാഗത്തിൽപെട്ട ആളുകളും കക്ഷിഭേദമെന്യേ ഗവണ്മെണ്ടിനു പിൻതുണ നല്കുണ്ട ഒരു വിഷയമാണു് ഇന്നു് ഈ സഭമുൻപാകെ അവതരിപ്പിച്ചിരിക്കുന്ന പ്രമേയം. ഈ സ്റ്റോറിലേക്കു വടക്കെ ഇൻഡ്യൻ പ്രാവിൻസുകളിൽനിന്നും വാങ്ങിക്കേണ്ടിവരുന്ന അരിയ്ക്കു് അമിതമായ വില വാങ്ങുന്നതിനു് അവിടത്തെ കൃഷിക്കാർക്കു കൂടുതലില്ലുന്ന പ്രൊവിൻഷ്യൽ ഗവണ്മെണ്ടും കേന്ദ്രഗവണ്മെണ്ടും അനുവദിക്കുന്ന നയം, ഈ രാജ്യത്തെ ജനങ്ങളും, ഈ സഭയിലെ അംഗങ്ങളും ഇവിടത്തെ ഗവണ്മെണ്ടും ശക്തിയുക്തം പ്രതിഷേധിക്കേണ്ടതുതന്നെയാണു്. അതിനു് ഈ സഭയും ഗവണ്മെണ്ടും തയ്യാറാകണമെന്നാണു് എനിക്കു പറയുവാനുള്ളതു്. യു. പി. ഗവണ്മെണ്ടു് ഒരു ലക്ഷത്തിൽ ചിലപ്പോൾ ടൺ അരി സർപ്ലസ്സു് ആയി ഇൻഡ്യയുടെ മറ്റു ഭാഗങ്ങളിലേക്കു കയറ്റി അയയ്ക്കുവാൻ തക്കവണ്ണം ഉല്പാദിപ്പിച്ചതിൽ അവിടത്തെ ഗവണ്മെണ്ടിനോടും ജനങ്ങളോടും നാം കൃതജ്ഞരായിരിക്കണമെന്നുള്ള അഭിപ്രായത്തിൽ ശ്രീ. ദൗളത്റാം ഇൻഡ്യൻ പാർലിമെൻറിൽ ചെയ്ത പ്രസ്താവനയെ പരാമർശിച്ചു് ഈ പ്രമേയാവതാരകൻതന്നെ ഇവിടെ പ്രസംഗിക്കുകയുണ്ടായി. ഇൻഡ്യൻ റിപ്പബ്ലിക്ക രൂപമെടുത്തിരിക്കുന്ന ഈ കാലഘട്ടത്തിൽ, വളരെ വൈഷമ്യമേറിയ ഒരു നിലയിൽകൂടി ഇൻഡ്യൻ ഡൊമിനിയൻ രൂപമെടുത്തിരുന്ന കാലത്തു തിരുവിതാംകൂർ-കൊച്ചി സ്റ്റോറുകൾ ചെയ്ത സേവനം അനുസ്മരിക്കുകയാണെങ്കിൽ ഇൻഡ്യാഗവണ്മെണ്ടു നമ്മോടു ഈ നിലയിൽ പെരുമാറുമെന്നല്ല നാം പ്രതീക്ഷിച്ചിരുന്നതെന്നും, ഇപ്പോഴത്തെ ഇൻഡ്യാഗവണ്മെണ്ടിന്റെ പ്രവൃത്തി ഒരുവക കൃതഘ്നത കൂടിയിട്ടാണു് കരുതേണ്ടിയിരിക്കുന്നതെന്നും ഇൻഡ്യാഗവണ്മെണ്ടിനെ അറിയിക്കേണ്ട ചുമതല ഈ ഗവണ്മെണ്ടിനുണ്ടു്. അന്നത്തെ തിരുവിതാംകൂർ ഗവണ്മെണ്ടു് ഒരു സ്വതന്ത്രമായ നില സ്വീകരിക്കണമെന്നു് ഇവിടത്തെ ജനങ്ങളോടു് ആവശ്യപ്പെട്ടിരുന്നതാണു്. ഫ്രാൻസിൽ പരം മൈൽ ദൈർഘ്യമുള്ള തീരപ്രദേശങ്ങളുള്ളതും ഇന്ത്യക്കു് ആകെയുള്ളതിന്റെ ഏകദേശം നാലിൽ ഒന്നു് ഡാളർ ക്രെഡിറ്റു് സമ്പാദിക്കുന്നതുമായ ഈ സ്റ്റോറു്, സ്വതന്ത്രനില പാലിക്കുവാൻ തയ്യാറാകണമെന്നു അന്നത്തെ ഗവണ്മെണ്ടു് ആഹ്വാനം ചെയ്തപ്പോൾ, ഭാരതൈക്യത്തിൽ വിശ്വസിച്ചുകൊണ്ടു സ്വതന്ത്രനില അവലംബിക്കുന്നതിനേക്കാൾ ഇൻഡ്യയുടെ ഒരു ഭാഗമായി കഴിഞ്ഞുകൂടുന്നതിൽ ഐശ്വര്യവും സംതൃപ്തിയും ദർശിച്ചുകൊണ്ടു് ഇവിടെത്ത ജനനേതൃത്വം ആ ആഹ്വാനത്തെ വേണ്ടിവന്നാൽ ആയുധമെടുത്തു സമരം ചെയ്യുവാൻ തയ്യാറായി ധീരമായി എതിർക്കുകയാണുചെയ്തതു്. അന്നു് എതിത്ത ആ ജനനേതൃത്വംതന്നെയാണു് ഇന്നു് ഈ സ്റ്റോറിന്റെ ഭരണഭാരം ഏറ്റെടുത്തിരിക്കുന്നതെന്നു് ഇൻഡ്യാഗവണ്മെണ്ടിനെ അനുസ്മരിപ്പിക്കേണ്ട ആവശ്യമുണ്ടെന്നും തോന്നുന്നില്ല. ഇൻഡ്യൻയൂണിയൻ രൂപംപ്രാപിച്ചതിനുശേഷം ഉള്ള നിലനോക്കുകയാണെങ്കിൽ, ബ്രിട്ടീഷുമേൽക്കോയ്മ ഉണ്ടായിരുന്നകാലത്തേക്കാൾ ഭേദമായ ഒരു നില തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തിനു ലഭിച്ചിട്ടില്ലെന്നു കാണാവുന്നതാണു്. പ്രമേയാവതാരകൻ പ്രസ്താവിക്കയുണ്ടായി, ഇൻഡ്യയുടെ ആകെയുള്ള ഡാളർക്രെഡിറ്റിന്റെ അഞ്ചിലൊരുഭാഗം ഡാളർ ക്രെഡിറ്റു് ഉണ്ടാക്കുന്ന ഈ രാജ്യത്തോടു, മറ്റു രാജ്യങ്ങളെ അപേക്ഷിച്ചു് കൂടുതലായി ഇൻഡ്യാഗവണ്മെണ്ടിനെ സേവിച്ചുകൊണ്ടിരിക്കുന്ന ഈ രാജ്യത്തോടു് ഒരു ചിറ്റമ്മനയമാണു് ഇൻഡ്യാഗവണ്മെണ്ടു് അനുവർത്തിച്ചുവരുന്നതെന്നു്. അങ്ങനെ ഒരു ചിറ്റമ്മനയമാണു് ഇൻഡ്യാഗവണ്മെണ്ടു സ്വീകരിക്കുവാൻ പോകുന്നതെങ്കിൽ, അതിനെ സംഘടിതമായി എതിർക്കുവാൻതന്നെ തിരുവിതാംകൂർ-കൊച്ചി സ്റ്റോറു തയ്യാറാകണമെന്നാണു് എനിക്കു പറയുവാനുള്ളതു്. പക്ഷെ അങ്ങനെയുള്ള സംഘടിതമായ ഒരെതിർപ്പു ഉണ്ടാക്കുവാൻ ഈ സ്റ്റോറിനെയും മറ്റു തെക്കൻ സ്റ്റോറുകളെയും പ്രേരിപ്പിക്കുന്നതു ഭാരതത്തിന്റെ ശ്രേയസ്സിനു നന്നായിരിക്കുകയില്ലെന്നു് ഇൻഡ്യാഗവണ്മെണ്ടിനെ അറിയിക്കേണ്ട ചുമതലയും ഈ ഗവണ്മെണ്ടിനുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

[Sri. K. M. Chandy]

മറ്റൊരു സംഗതി വളരെ ധൈര്യത്തോടും ചങ്കൂറ്റത്തോടും കൂടി ഇക്കാര്യത്തിൽ ഈ ഗവണ്മെണ്ട പ്രവർത്തിക്കണമെന്നുള്ളതാണ്. അതിൽ ഈ സഭയുടെയും ഈ രാജ്യത്തെ ജനങ്ങളുടെയും പിൻതുണ ഈ ഗവണ്മെണ്ടിനുണ്ടായിരിക്കുന്നതുമാണ്. യു. പി. യിൽനിന്നും അങ്ങേക്കാൽ രൂപയ്ക്കും മുറുരൂപയ്ക്കും നെല്ലുവാങ്ങുവാൻ നാം നിർബന്ധിതരാകുകയാണെങ്കിൽ, ആ നെല്ലുവാങ്ങുവാൻ ഈ ഗവണ്മെന്റിനു നിവൃത്തിയില്ലെന്നും, ഒരുപക്ഷെ നിർബന്ധം കൊണ്ട് വാങ്ങിക്കേണ്ടതായിവന്നാൽ ഇവിടത്തെ ഭരണം നടത്തിക്കൊണ്ടുപോകുവാൻ അസാധ്യമായിത്തീരുമെന്നും അതിനാൽ അഡ്മിനിസ്ട്രേഷൻപോലും വച്ചൊഴിയുവാൻ തങ്ങൾ തയ്യാറാണെന്നും ഇൻഡ്യാഗവണ്മെണ്ടിനെ അറിയിക്കണം. ആത്മാഭിമാനിയായി തങ്ങൾ അതു ചെയ്യുന്നതാണെന്ന്,—അതു മരണഭീഷണിപ്പെടുത്തലായിട്ടല്ല, ആത്മാഭിമാനത്യന്തരമില്ലാതെ ഭരണഭാരം വച്ചൊഴിയുവാൻ തങ്ങൾ നിർബന്ധിതരായിത്തീരുമെന്ന്—അവർക്ക വിശ്വാസം വരത്തക്കവിധത്തിൽ ഇൻഡ്യാഗവണ്മെണ്ടിനെ അറിയിക്കണമെന്നും ആണ് എനിക്ക ഇയവസരത്തിൽ പറയുവാനുള്ളത്. ഇതിനുവേണ്ടി ഈ ഗവണ്മെണ്ട് എത്ര നടപടി സ്വീകരിച്ചാലും അതിനോട് ഈ സഭ നൂറു ശതമാനവും യോജിക്കുമെന്ന് എനിക്ക വിശ്വാസമുണ്ട്.

Sri. K. Sivarama Pillai : Sir, a reading of the debate in Parliament will clearly convince one what is in the minds of the U.P. merchants and the Government of India. Sir, the merchant's version of the rise in price is that the Madras State, unlike other States in India levies 9 to 12 annas per maund as Sales Tax, and also in the process of conversion of the maund to measure, the consumers are deprived of 5 annas resulting in a higher price. It is also seen that the Government of India have not enforced procurement so far as U.P. is concerned. If they would have enforced procurement the answer of the Food Minister would not be this : "The Food Minister explained that after allotment is made, the State has to go to procure the food grains from the Surplus State. If they went late, they have to give increased price". That means we have to send an Officer there who has to beg from door to door, giving the price they want. The U.P. Government have not obviously introduced procurement there and probably they do not want to introduce procurement so that the merchants may get the amount we would pay. Any way ours is a deficit area and we cannot but give the price they demand. I do not think that any protest on our part, as my friend Sri. K. M. Chandy suggested, or any threat of secession from the Union will influence the Indian Government. We have abjectly surrendered to them. What I would say is that let this at least open the eyes of this Government. Let us have some confidence in our agriculturists. It is with regret and pain I say that one of our surplus areas is Tovala Taluk and none of the Ministers for the last two years cared to step into that Taluk. That is the attitude of the Ministers towards a surplus area, where the agriculturists toil to produce more food. Neither our Ministers nor the Chairman of the Food Production Board have given the necessary encouragement to agriculturists. They have not cared to enquire into their needs and see how agriculture is being done. The agriculturists also are very indifferent because we are giving only Rs. 1—13—6 per para. They think that the more they produce the more they have to lose by compulsory procurement. Our Government are indifferent and this costs them nearly 11 crores of rupees. We can boldly say that we do not want any rice from U.P. if only they encourage cultivation in Kuttanad and Nanjinad, leaving aside other areas. In Nanjinad we have 50,000 acres of cultivated land and we are getting 20 lakhs of paras per year. Kuttanad with 1½ lakhs of acres, I am told by the Hon'ble ex-Minister Sri. K. M. Korah, is giving nearly 40 lakhs of paras. As far as Chittur is concerned, I have not got any definite figures. After all what we are getting from U.P. is only 30,000 tons. That is equivalent to 5 lakhs paras of paddy. It is for this we have sent our officers there. If only we are able to get that quantity from here by persuading the agriculturists to give one para per acre, they would have given it immediately and we would save all this difficulty and drain of our resources. After all what does this work per para of paddy? It costs 6 rupees per para at the rate of 32 rupees per maund. We have to pay freight and other incidental charges and when it comes here, it costs Rs. 7 per para of paddy. On the other hand we are paying here Rs. 1—13—6 per para of paddy whereas the rice of the variety 5A costs Rs. 5 per maund at the rate of 2 rupees per para. Do you mean to say that our rice is worse than the worst rice in U.P.? Certainly not. For producing and selling such rice, the U.P. Government deserved the congratulations of the Food Minister. What is the attitude of our Ministers here? For every village they have posted an armed reserve. There is also a C.I.D. constable to go round. We are producing food here so thanklessly and we are treated as worse

LIBRARY ARCHIVES Kerala Legislative Assembly

than roudies. House to house searchcs are conducted and even for conveying paddy from house to house permits are insisted upon. On the other hand, the Hon'ble Food Minister congratulates the U.P. merchants, who sell rice at the rate of 6 rupees per para. Hereafter it is no use to look to other Governments for the supply of rice. We have to look to our own agriculturists and inspire more confidence in them. Instead of emptying our treasury to the U.P. merchants, let us at least give half that money for helping the agriculturists here. I am sure in six months' time we will become a self-sufficient unit.

ശ്രീ. വി. ഒ. മർക്കോസ്: സർ, ശ്രീമാൻ കോര അവതരിപ്പിച്ച ഈ പ്രമേയത്തെ ഞാനും അനുകൂലിക്കുന്നു. ഇവിടെ നടക്കുന്ന വിമർശനങ്ങൾ ശ്രവിക്കുന്നതിനു് ഇൻഡ്യാ ഗവൺമ്മെണ്ടിന്റെ ഭക്ഷ്യവകുപ്പു മന്ത്രി ശ്രീ. ജയറാം ദാസു് ദൌളത്തുറാം ഇവിടെ ഇല്ലാത്തതു വളരെ ഖേദിക്കേണ്ട ഒരു കാര്യമാണു്. അദ്ദേഹം ഇവിടെ ഇല്ലാത്ത അവസരത്തിൽ അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ചു വിമർശനങ്ങൾ നടത്തുക എന്നുള്ളതു് ഒരു വക ഭീരുത്വമാണു് എന്നു വിചാരിക്കാമെങ്കിലും ചിലതു പറയാതെ നിവൃത്തിയില്ലതന്നെ. ഇൻഡ്യയുടെ സെൻട്രൽ ഗവൺമ്മെണ്ടിൽ ഉൾപ്പെട്ടിരിക്കുന്ന മറ്റു യാതൊരു മന്ത്രിമാരെ സംബന്ധിച്ചും പറഞ്ഞിട്ടില്ലാത്ത വിധത്തിൽ ജയറാം ദാസു് ദൌളത്തുറാം ഒരു രാജ്യതന്ത്രജ്ഞനല്ലായെന്നു പലരും അഭിപ്രായപ്പെട്ടിട്ടുണ്ടായിരുന്നു. എന്നാൽ ഈ മാസം ഫ്രഞ്ചു് ഇൻഡ്യൻ പാർലിമെണ്ടിൽ ഉണ്ടായ ആ ചെറിയ ഡിസ്കഷനിൽ അദ്ദേഹം വെളിപ്പെടുത്തിയിട്ടുള്ള രാജ്യതന്ത്രജ്ഞതയുടെ പാപ്പരത്വം അതിനുമുമ്പു് എപ്പോഴെങ്കിലും വെളിപ്പെടുത്തിയിട്ടുണ്ടോ എന്നു സംശയമാണു്. യു. പി. യിൽനിന്നു വാങ്ങിക്കുന്ന അരിയുടെ വിലയെ സംബന്ധിച്ചു മദ്രാസു സംസ്ഥാനത്തിൽനിന്നുള്ള ഒരു മെമ്പർ ചോദിച്ച ചോദ്യത്തെ അടിസ്ഥാനമാക്കി അവിടെയുണ്ടായ ഡിസ്കഷനു് അദ്ദേഹം പറഞ്ഞ മറുപടി, പത്രങ്ങളിൽ വായിച്ചു കണ്ടിടത്തോളം, വളരെ ബാലിശവും ലജ്ജാവഹവും ആണെന്നു പറയാതെ നിവൃത്തിയില്ല. യു. പി. അരിക്കു മന്നിനു് നല്ല തുക വില കൊടുക്കുന്നുണ്ടെന്നു് അദ്ദേഹം സമ്മതിക്കയുണ്ടായി. അതിന്റെ അടിസ്ഥാനം എന്താണെന്നു മനസ്സിലാകുന്നില്ലെന്നു് ഇവിടെ ചിലർ പറയുകയുണ്ടായി. ദൌളത്തുറാമിന്റെ മറുപടിയിൽതന്നെ പറഞ്ഞിട്ടുണ്ടു്, യു. പി. യിലെ പ്രൊക്യൂവർമെന്റു് പ്രൈസുതന്നെയാണു് അതെന്നും അതിൽനിന്നു ഗവൺമ്മെണ്ടു് ലാഭം എടുക്കുന്നില്ലെന്നും. അതായതു് നല്ല തുക ഒരു മന്നു് അരിക്കു അവിടെ വിലവെച്ചിരിക്കുന്നതു് അവിടെയുള്ള പ്രൊക്യൂവർമെന്റു് വിലതന്നെയാണെന്നാണു് അദ്ദേഹം പറഞ്ഞതു്. ഇങ്ങിനെയുള്ള വില അവർ ചുമത്തുന്നതിനെ സംബന്ധിച്ചു് അദ്ദേഹം പറഞ്ഞ സമാധാനം ബാലിശവും ലജ്ജാവഹവും ആണെന്നാണു ഞാൻ പറഞ്ഞതു്, ആദ്യമായിട്ടു് അദ്ദേഹം പറഞ്ഞ ഒരു സമാധാനം മദിരാശിസംസ്ഥാനം ഡെഫിസിറ്റു് ഏരിയ ആയി പോയതു് യു. പി. യുടെ കുറ്റംകൊണ്ടല്ല എന്നാണു്. പിന്നെ ഒന്നു പറഞ്ഞതു മറ്റു രാജ്യങ്ങളെല്ലാം മദിരാശി സംസ്ഥാനവും ഡെഫിസിറ്റായിട്ടുള്ള മറ്റെല്ലാ പ്രവിശ്യകളുംതന്നെ, യു. പി. ഈ വിലയ്ക്കെങ്കിലും അരി തരാമെന്നു സമ്മതിച്ചതിനു് അവരോടു കൃതജ്ഞതയുള്ളവരായിരിക്കണം എന്നാണു്. പിന്നെ ഒന്നു പറഞ്ഞതു് ഇതു മദിരാശിക്കുമാത്രം വില്ലുന്ന വിലയല്ല, യു. പി.—ക്കാർ എല്ലാവർക്കും ഈ വിലയ്ക്കുതന്നെയാണു കൊടുക്കുന്നതു് എന്നാണു്. ശ്രീ. ദൌളത്തുറാം ഈ മറുപടി അവിടെയോ യു. പി. യിലെ നിയമസഭയിലൊ ഫ്രം ൧ ജനുവരി ടു-ാംനു-ക്കു മുമ്പു പറഞ്ഞിരുന്നെങ്കിൽ അതു നമുക്കു മനസ്സിലാക്കാമായിരുന്നു. ഫ്രം ൧ ജനുവരി ടു-ാംനു- മുതൽ ഇൻഡ്യ ഒരു ഐക്യരാജ്യമായിത്തീർന്നിട്ടുണ്ടു്. അങ്ങിനെ ഒരൈക്യരാജ്യമായി തീർന്നതിൽനിന്നു ഓരോ പ്രവിശ്യകൾക്കും ചില അവകാശങ്ങളും ചുമതലകളും പരസ്പരം ഉണ്ടായിട്ടുണ്ടു് എന്നുള്ളതു് അദ്ദേഹം വിസ്മരിക്കുകയായിരുന്നു എന്നുള്ളതിനു യാതൊരു സംശയവുമില്ല. ഇൻഡ്യാ യൂണിയനിൽ ചേർന്നിട്ടുള്ള ഓരോ പ്രവിശ്യകളേയും എടുത്തുനോക്കുമ്പോൾ ചില കാര്യങ്ങളിൽ ചില പ്രത്യേക പരിതസ്ഥിതികൾ ആ പ്രവിശ്യകൾക്കുള്ളതായി കാണാം. തിരുവിതാംകൂർ-കൊച്ചി പ്രവിശ്യയെ സംബന്ധിച്ചു പറയുന്നപക്ഷം ഭക്ഷ്യസാധനങ്ങളെ സംബന്ധിച്ചിടത്തോളം കുറെ പിന്നോക്കമാണെങ്കിലും ഇൻഡ്യയുടെ സാമ്പത്തികസ്ഥിതി വളർത്തിക്കുന്നതിലേക്കു് ഈ ചെറിയ പ്രവിശ്യയേക്കാൾ കൂടുതൽ സഹായിക്കുന്ന ഒരു രാജ്യം ഇൻഡ്യയിൽ ഇല്ലെന്നു പറയുന്നതിനു് നാം മടിക്കേണ്ട ആവശ്യമില്ല. അതിനു തക്കതായ കാരണങ്ങളും ഉണ്ടു്. ഇൻഡ്യയിൽ ഇന്നു സമ്പാദിച്ചുകൊണ്ടിരിക്കുന്ന ഡാളർ ക്രെഡിറ്റിൽ വലിയൊരംശം ഈ രാജ്യത്തുനിന്നാണെന്നു ഏവർക്കും അറിയാം. അതിന്റെ സ്ഥിതിവിവരക്കണക്കുകൾ ശരിയായിട്ടു് ആരെങ്കിലും പഠിച്ചിട്ടുണ്ടോ എന്നു സംശയമാണു്. ഈ രാജ്യത്തെ കുത്തകപോലെയുള്ളതായ കുരുമുളകു്, കാർഡമം,

LIBRARY ARCHIVES Kerala Legislative Assembly

[Sri. V. O. Markos]

ചായ, റബർ, കയർ മുതലായതും മറ്റുപല സാധനങ്ങളും ഈ രാജ്യത്തുനിന്നും പുറം രാജ്യങ്ങളിലേക്ക് കയറ്റി അയക്കുന്നതുകൊണ്ടാണ് ഇൻഡ്യക്ക് ഇന്ന് ഇത്രവലിയ ഡാളർ ക്രെഡിറ്റോ സ്റ്റെർലിംഗ് ക്രെഡിറ്റോ കിട്ടുന്നതിന് സാധിച്ചതു്. ഈ രാജ്യത്തുനിന്നുള്ള കയറ്റുമതി ഇൻഡ്യയുടെ ആകെയുള്ള ഫോറിൻ ട്രെഡിൽ ൨൫ ശതമാനം ഉണ്ടെന്നാണ് പറയുന്നതു്. ഇങ്ങനെയുള്ള ഒരു തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തെ സംബന്ധിച്ചു സെൻട്രൽ ഗവണ്മെന്റും സെൻട്രൽ ലജിസ്ലേച്ചറും ഏതുവിധത്തിലാണ് പെരുമാറുന്നതെന്നു് അവരെ മനസ്സിലാക്കേണ്ടതു് അത്യാവശ്യമാണ്. ഭക്ഷ്യ സാധനങ്ങൾ കൂടുതൽ ഉല്പാദിപ്പിക്കുന്ന ഒരു പ്രവിശ്യയെപ്പറ്റി പറയുന്നതുപോലെ, അവരോട് പ്രത്യേകം കൃതജ്ഞതയുള്ളവരായിരിക്കണം എന്നു പറയുന്നതുപോലെ, തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഈ കാര്യത്തിൽ ഇൻഡ്യാ ഗവൺമെന്റ് വളരെ കൂടുതൽ കൃതജ്ഞത ഉള്ളവരായിരിക്കേണ്ടതാണ്. എന്നാൽ ഫൈനാൻസ് ബിൽ വരികയും അതു് ചർച്ചക്ക് ശേഷം ആ കാര്യം പറയുന്നതു് ബാലിശമായിരിക്കാം. ഒരു സംഗതി ഞാൻ സമ്മതിക്കുന്നതിനു് തയ്യാറുണ്ടു്. അതായതു് ഇൻഡ്യ ഒരു റിപ്പബ്ലിക്കായതിനുശേഷം, പല പ്രാവിൻസുകളും ചേർന്നു പരസ്പരം പല അവകാശങ്ങളും ചുമതലകളും ഉള്ള ഒരു റിപ്പബ്ലിക്കായതിനുശേഷം, പല രാജ്യങ്ങൾക്കും പല ഘട്ടങ്ങളിലും അതിന്റെ ചുമതലകളും ഉത്തരവാദിത്വങ്ങളും എത്രത്തോളമുണ്ടെന്നു മനസ്സിലാക്കാതെ പ്രവർത്തിക്കുന്നുണ്ടു്. എന്നാൽ അവരേക്കാൾ കഷ്ടമായ വിധത്തിൽ ഇന്നു കേന്ദ്രത്തിൽ ഭരണം നടത്തുന്ന ശ്രീ. ഭൗളത്ത്റാമിനെപ്പോലെയുള്ളവർ പ്രവിശ്യകൾ തമ്മിലുള്ള ഈ ഉത്തരവാദിത്വവും ചുമതലയും എന്താണെന്നു് അറിയാതെ ഈ വിധത്തിൽ ഒരു നയം സ്വീകരിക്കുന്നതും സംസാരിക്കുന്നതും ലജ്ജാവഹമാണ്. ഇന്നു നമ്മുടെ ഭാഗ്യം കൊണ്ടു് തിരുവിതാംകൂർ-കൊച്ചി സംസ്ഥാനം യു. പി. യിൽനിന്നു അരി വാങ്ങിക്കുന്നതുകൊണ്ടു് ആകെ വരുന്ന നഷ്ടം എത്രത്തോളമായിരിക്കുമെന്നു് ഇവിടെ പറകയുണ്ടായി. മദ്രാസ് സംസ്ഥാനത്തിൽ ആകപ്പാടെ ഏഴരലക്ഷം ടൺ അരി കൂടുതൽ വേണ്ടിവരുമെന്നു് അവർ പറഞ്ഞു. തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം അതിൽ ഏകദേശം നാലുലക്ഷമെങ്കിലും കുറവാണെന്നാണ് ഞാൻ മനസ്സിലാക്കുന്നതു്. അങ്ങിനെയാണെങ്കിൽതന്നെയും എത്രവലിയൊരു നഷ്ടമാണ് ഈ വിലയ്ക്കു് അരി വാങ്ങുന്നതുകൊണ്ടു് ദിനംപ്രതി ഇവിടെ ഉണ്ടായിക്കൊണ്ടിരിക്കുന്നതെന്നു മനസ്സിലാക്കണം. ഇൻഡ്യൻ പ്രധാനമന്ത്രി എതാനും മാസങ്ങൾക്കുമുമ്പു പറയുകയുണ്ടായി ഫൈനാൻസ് മുതൽ ഇൻഡ്യയ്ക്കു പുറമെനിന്നു ഈ രാജ്യത്തേക്കു് ഭക്ഷ്യസാധനങ്ങൾ ഇറക്കുമതി ചെയ്യുന്നതിനു് അനുവദിക്കുകയില്ലെന്നു്. അങ്ങിനെ പറയുന്നതിന്റെ ഉദ്ദേശം എന്താണെന്നു തെറ്റിദ്ധരിക്കുന്നതിനു ഭൗളത്ത്റാമിന്റെ ഈ വിധത്തിലുള്ള പ്രസ്താവനകൾ ഇടയാക്കുകയില്ലേയെന്നു ഞാൻ സംശയിക്കുന്നു. പ്രധാനമന്ത്രിയെ സംബന്ധിച്ചിടത്തോളം യു. പി. യോ മറ്റേതെങ്കിലും പ്രാവിൻസോ മറ്റു പ്രാവിൻസുകളെ പ്രീണനംചെയ്യുന്നതിനുള്ള അവസരമുണ്ടാക്കുന്നതിനാണ് അതു പറഞ്ഞതെന്നു ഞാൻ പറയുകയില്ല. പുറംരാജ്യങ്ങളിൽനിന്നു ആണ്ടുതോറും തുടർച്ചയായി ഇറക്കുമതി ചെയ്യുമ്പോൾ വലിയൊരു സംഖ്യ ഇവിടെനിന്നു പുറംരാജ്യങ്ങളിലേക്കു പോകുന്നതായാൽ അതു് ഈ രാജ്യത്തിന്റെ സാമ്പത്തിക ഭദ്രതയ്ക്കു് ഉടവുതട്ടിക്കുന്നതാണെന്നാണ് അദ്ദേഹം പറഞ്ഞതു്. ഫൈനാൻസ് ബിൽ-നുശേഷം പുറമെനിന്നു ഭക്ഷ്യസാധനങ്ങൾ വരുത്തുകയില്ലെന്നു പറഞ്ഞതു ഭൗളത്ത്റാമിന്റെ പ്രസ്താവന കേട്ടാൽ ഇൻഡ്യയിലുള്ള യു. പി. യെപ്പോലെയുള്ള സർപ്ലസ് പ്രവിശ്യകൾക്കു മറ്റു പ്രവിശ്യകളെ പ്രീണനം ചെയ്യുന്നതിനു് അവസരമുണ്ടാക്കുന്നതിനല്ലേ എന്നു തോന്നിപ്പോകുന്നു. ഇൻഡ്യയിലുള്ള ഒരു രാജ്യം മറ്റൊരു രാജ്യത്തെ പ്രീണനം ചെയ്യുന്നതു് ഒരു വിധത്തിലും അനുവദിക്കുവാൻ പാടില്ല. ഇൻഡ്യയിലുള്ള പ്രവിശ്യകളിൽ ഭക്ഷ്യസാധനങ്ങൾ കൂടുതൽ ഉള്ള പ്രവിശ്യയിൽനിന്നു ഭക്ഷ്യസാധനങ്ങൾ കുറവുള്ള പ്രവിശ്യയിലേക്കു കൊടുത്തു ഭക്ഷ്യസാധനങ്ങൾ പുറമെനിന്നു വരുത്താതെ കഴിക്കുന്നതു് ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ രക്ഷയ്ക്കു് ഏറ്റവും ആവശ്യമാണ്. ഇന്നു് ഈ രാജ്യത്തെ ആവശ്യത്തിനു് ഉല്പാദകർക്കു് പറയുന്നു് ഫ്രീ ഫ്രം അണ്ടർ ദി കൊട്ടയിലും തുലോം കുറവാണു്. ഈ വില ഇവിടത്തെ നെല്ലിന്റെ ഉല്പാദനച്ചിലവിലും തുലോം കുറവാണു്. ഈ വില പോരാ എന്നു പറയുമ്പോൾ സെൻട്രൽ ഗവണ്മെന്റിൽനിന്നു പറയാറുണ്ടു്, ഇതിൽ കൂടുതൽ വില കൊടുക്കുവാൻ പാടില്ല എന്നു്. ഇവിടത്തെ കൃഷിച്ചിലവു് എത്രയാണെന്നു് അറിയാത്ത ചില ബഹു. മെമ്പറന്മാർ ഇതിനേ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ക്കാം കൂടുതൽ വില നെല്ലിനു് കൊടുക്കുവാൻ പാടില്ലെന്നു പറഞ്ഞിട്ടുണ്ടു്. ഇവിടെ നിന്നു എടുക്കുന്ന നെല്ലിനു് കൊടുക്കുന്ന പ്രൈസ് തിരുവിതാംകൂർ–കൊച്ചി സംസ്ഥാനത്തെ നെല്ലിന്റെ ഉല്പാദനച്ചിലവിനെ പറ്റിയ ഒരു സംഖ്യയാണെന്നു് അതിനെപ്പറ്റി അറിവുള്ള ആരും പറയുകയില്ല. ഈ വിലയ്ക്കു ഗവണ്മെണ്ടു വാങ്ങി മനുഷ്യർക്കു രണ്ടര രൂപയ്ക്കു് അതു വില്ക്കുകയാണു ചെയ്യുന്നതു്. ഇതിനു് "Robbing Peter and paying Paul" എന്നു പറയാവുള്ളതിനു പകരം "Robbing Peter and Robbing Paul also" എന്നാണു പറയേണ്ടതു്. നെല്ലുല്പാദിപ്പിക്കുന്നവർക്കു ശരിക്കു വില കൊടുക്കുന്നില്ല. യു. പി. യിൽനിന്നു നാം ഇന്നു് ഇവിടെനിന്നു് എടുക്കുന്നതിലും മൂന്നിരട്ടി വില കൊടുത്തു് അരി വാങ്ങുകയും ഇവിടെ വേല ചെയ്യുന്നവരെ വേല ചെയ്യുന്നതിൽ നിരുത്സാഹിപ്പിക്കുകയും ചെയ്യുന്നതിലുള്ള സാമ്പത്തിക തത്വം എന്താണെന്നു് എനിക്കു മനസ്സിലാകുന്നില്ല. ഇൻഡ്യയെ സംബന്ധിച്ചിടത്തോളം പത്തുശതമാനം കുറവു ഭക്ഷ്യസാധനങ്ങളിൽ ഉള്ളതു മനസ്സിലാക്കിക്കൊണ്ടു് ഇതുപോലെയുള്ള കൺട്രോൾ തുടർന്നുകൊണ്ടുപോകുന്നതു് ബുദ്ധിഹീനതയാണെന്നു പലരും പറയുന്നുണ്ടു്. കേന്ദ്രഗവണ്മെണ്ടിലും ചിലർ അപ്രകാരം പറഞ്ഞിട്ടുണ്ടു്. ഈ കൺട്രോൾ മൂലം മൂന്നുവിധത്തിലുള്ള ചിലവു് ഇൻഡ്യാഗവണ്മെണ്ടിനുണ്ടു്. ക. പുറത്തുനിന്നു ഇറക്കുമതി ചെയ്യുന്ന ഭക്ഷ്യസാധനങ്ങൾക്കു് കൊടുക്കുന്ന സബ്സിഡിയുടെ ചിലവു്; ഖ. ഇന്നു കൺട്രോൾ ഡിപ്പാർട്ട്മെൻറുകൾ നടത്തിക്കൊണ്ടുപോകുന്നതിനുള്ള ചിലവു്; ഇതിനു് ഒരു ഭീമമായ സംഖ്യ ചിലവാക്കിക്കൊണ്ടിരിക്കുന്നുണ്ടു്. മൂന്നാമതു് ഗ്രോമോർഫുഡ് ക്യാംപെയിനും അതിനോടു് അനുബന്ധിച്ചുള്ള പ്രസ്ഥാനങ്ങൾക്കുംവേണ്ടി വലിയൊരു സംഖ്യ ചിലവാക്കിക്കൊണ്ടിരിക്കുന്നുണ്ടു്. അവിടെയുള്ള പ്രധാനപ്പെട്ട പലരുടേയും അഭിപ്രായമുണ്ടു് ഇതു് മൂന്നും കൂടി തുടർന്നുകൊണ്ടുപോയിട്ടു കാര്യമില്ലെന്നു്. പത്തുശതമാനം ഭക്ഷ്യസാധനങ്ങൾ കുറവുള്ളതിനു് പത്തോ പന്ത്രണ്ടോ ശതമാനം പുറമെനിന്നു വരുത്തിക്കൊണ്ടു് ആ സാധനങ്ങൾ ഒരു മര്യാദവിലയ്ക്കു വില്ക്കുന്ന വിധത്തിലുള്ള ഒരു ഏർപ്പാടുചെയ്തിട്ടു് ഈ കൺട്രോളെല്ലാം നിറുത്തിയാൽ രണ്ടിനങ്ങളിലുള്ള ചിലവുകൾ ഗവണ്മെണ്ടിനു ലാഭിക്കാമെന്നു ചില പ്രധാനപ്പെട്ട സ്ഥാനങ്ങളിൽ അഭിപ്രായമുണ്ടു്. അതായതു പുറത്തുനിന്നു ആവശ്യമുള്ള ഭക്ഷ്യസാധനങ്ങൾ ഇവിടെ വരുത്തിയിട്ടു് അതു ന്യായമായ വിലയ്ക്കു കൊടുക്കുവാനുള്ള ഒരു പ്രൈസ് കൺട്രോൾ മാത്രം വയ്ക്കുകയും അതിനു് ആവശ്യമായ ഒരു സ്റ്റാഫിനെ കൊടുക്കുകയും ചെയ്താൽ കോടിക്കണക്കിനുള്ള രൂപ ലാഭിക്കുവാൻ സാധിക്കും. അതിന്റെ പ്രവർത്തി ഏതുവിധത്തിൽ വരുമെന്നു ഒരു അഭിപ്രായം പറയുന്നതിനു ഞാൻ തുനിയുന്നില്ല. എതായാലും ഇന്നു് ഇൻഡ്യയുടെ സമ്പത്തിക പുറത്തുനിന്നു ഭക്ഷ്യസാധനങ്ങൾ ഇറക്കുമതി ചെയ്യുന്നതിനെ നിരോധിച്ചുകൊണ്ടു് ഒരു വിധത്തിൽ ഒരു പ്രവിശ്യ മറ്റൊരു പ്രവിശ്യയെ ചൂഷണം ചെയ്യുന്നതിനു് അനുവദിക്കുന്ന നയം നിറുത്തേണ്ടതു് ഏറ്റവും അത്യാവശ്യമാണു് എന്നുള്ളതിനു സംശയമില്ല. ഇതിനെ സംബന്ധിച്ചു ഈ ഗവണ്മെണ്ടിൽനിന്നു് ഒരു ഉറച്ചനില സ്വീകരിച്ചു ഇൻഡ്യാ ഗവണ്മെണ്ടുമായി എഴുത്തുകുത്തു നടത്തേണ്ടതു് ഏറ്റവും അത്യാവശ്യമായിട്ടുള്ളതാണു്. അതു് ഏതു രൂപത്തിൽ എത്രത്തോളം ശക്തിയായിട്ടു പ്രവർത്തിക്കാമെന്നുള്ളതിനെ സംബന്ധിച്ചു ഗവണ്മെണ്ടു് ആലോചിച്ചു വേണ്ടതു പ്രവർത്തിക്കുകയും ഈ രാജ്യത്തെ ഉല്പാദകനു വേണ്ട എല്ലാ പ്രോത്സാഹനവും കൊടുക്കുകയും ചെയ്യേണ്ടതു് അത്യാവശ്യമാണു്. പാർലിമെൻറിൽ നടന്ന ഡിസ്കഷനിൽത്തന്നെ പറഞ്ഞിട്ടുണ്ടു്, അവിടെ നിശ്ചയിച്ചിട്ടുള്ള വില മദിരാശിയിലെ വിലയേക്കാൾ രണ്ടര ഇരട്ടിയാണെന്നു്. അതുകൊണ്ടു് അടുത്ത പ്രാവിൻസിലേയും വിലയുടെ വ്യത്യാസം അതിൽനിന്നു കാണാം. ഉത്തരേൻഡ്യയിലെ ചില സംസ്ഥാനങ്ങൾക്കു ചില ആനുകൂല്യം അനുവദിക്കുകയും അതു് അവർക്കു ലഭിക്കുകയും ചെയ്തിട്ടുണ്ടു് എന്നുള്ളതു് കാൺസ്റ്റിറ്റ്യൂഷനിൽ കാണാം. അതായതു് ജൂട്ടുമുതലായ ചില സാധനങ്ങൾക്കുള്ള എക്സ്പോർട്ട് ഡ്യൂട്ടി കേന്ദ്രഗവണ്മെണ്ടിൽനിന്നു അവർക്കുതന്നെ കൊടുക്കുന്നുണ്ടു്. അതുപോലെയോ അതിനേക്കാൾ വലുതോ ആയ അവകാശങ്ങൾ നമുക്കുമുണ്ടു്. ആ അവകാശങ്ങൾ ലഭിക്കുന്നതിനു പകരം അതുപോലുള്ള അവകാശങ്ങൾ വാങ്ങുകയും അതിനും പുറമെ ഭക്ഷ്യകാര്യത്തിലും മറ്റു ഇൻഡ്യൻ റിപ്പബ്ലിക്കിലുള്ള പ്രവിശ്യകളെതന്നെ ചൂഷണം ചെയ്യുകയും ചെയ്യുന്നതിനു സെൻട്രൽ ഗവണ്മെണ്ടു് ഒരിക്കലും അനുവദിക്കാവുന്നതല്ല. അതുകൊണ്ടു് ഈ കാര്യത്തിലും മറ്റു കാര്യങ്ങളിലും നമുക്കു് വേണ്ട ആനുകൂല്യങ്ങൾ ലഭിക്കുന്നതിനു് ഈ ഗവണ്മെണ്ടു ശക്തിയായിട്ടു സെൻട്രൽഗവണ്മെണ്ടിനോടു് വാദിക്കേണ്ടതു് അത്യാവശ്യമാണെന്നു ഞാൻ ഗവണ്മെണ്ടിനെ ഉൽബോധിപ്പിക്കുന്നു.

Sri. A. Thanu Pillai : Sir, this motion raises a very important issue. It is not limited to the Thirty-thousand tons that we have to purchase from Utter Pradesh. It raises the whole question of food supply to Travancore-Cochin for some considerable time. That is the real issue.

The price of rice that is now being supplied to Travancore, it appears, is somewhere about Rs. 30 per maund or probably a little lower. And this is for an inferior quality of rice. The information as far as it is available is that this rice is not of good quality. If it is for the good quality, it appears, that the price in U.P. would be Rs. 34 per maund or Rs. 64 per bag which will come to Rs. 72 when it is received here. That is the position.

Sir, it is incumbent on us to make the Government of India understand that we want rice of good quality, in sufficient quantity; and it should be at reasonable prices and made available in time. We must make the Government of India realise these four aspects of the rice position that confront us today. It is not enough if they give us rice of whatever quality, at whatever price and whenever they like. We have been getting rice for a good many years from outside places. The result was that we were loosing consistently. The Prime Minister of India announced recently that there will be no more foreign import of rice into India. He did so, not with the intention that we should starve, but that we should produce more, thereby implying that in the case of areas which cannot be expected to be self-sufficient in the near future good rice will be supplied from surplus areas at reasonable price and in fairly sufficient quantities. That is how we understand the pronouncement of the Prime Minister when he said that there would be no more import. But where are we today? What do we find? We are given rice of a very bad quality and at prices far too unacceptable. The supplies too do not appear to be regular and none of the aspects I have mentioned above seems to have weighed with the Government of India in allotting rice to this part of India where the staple food is rice. Can there be anything more disgraceful from the point of view of the people on the part of the Government of India? Perhaps our cries here are slow to reach Delhi. I say that it should be made to reach Delhi. We have every right to expect rice of good quality in sufficient quantity and at reasonable price. In all these respects our expectations are frustrated. We must therefore insist on the Government of India, for our needs. We are in the midst of a grim struggle in the matter of food supply and today we are more at grips with the Government of India than at any time. Sir, the position is worse to day, because, can we send out our own products of export, or import from foreign places what we want? We cannot do either. The constitution does not permit it. Political and other arrangements do not allow it. Is it the way that the Government of India are going to treat us? With all the strength, resolution and courage I can command, I say the Government of India have let us down. Sir, when we say something against the Government of India, I had occasion to see, the Government here have something to say against us. But I must say that we have every right to say everything against the Government of India whenever they go wrong. Here is a case where the Government of India have gone back on their pledges to the people of Travancore-Cochin in the matter of food supply. They have failed in their assurances, disgracefully failed, and that fact must be brought home to them. Our views expressed here should be conveyed to them with all the strength with which we express them here. That is what I want the Hon'ble Minister to do.

Sir, now we hear the Hon'ble the Food Minister of the Government of India saying that we can get rice from U. P. at Rs. 32. What does Sri. Doulat Ram mean by that? At no time had we to pay such an exhorbitant rate for our supplies. At a time when nowhere in India the price was more than Rs. 1—10—0, we were paying Rs. 2. Then, how is it that all on a sudden the price in U.P. mounted to Rs. 32? The Government of India must answer us this question—how does this price mount up in so short a time? Is it exploitation of areas that do not produce by areas which could produce a surplus? We must definitely know all about this. I do not know the details of the position in U. P. Probably, Sri. Doulat Ram is right. But I do not think that he can be so easily right. At any rate, we are compelled to pay a higher price if we want the rice from U. P. But it is rather ridiculous that we can get only bad rice, in insufficient quantities and at odd times. We must have good rice, only good rice to the extent we require, at reasonable price and in time.

Sir, the Government of India are responsible for our forming part of the Indian Union. Then, I ask, who else can look to these wants of ours? The Government of India must do that. They were responsible for our forming part of the Union, and bringing us under the Government of India. The whole country is responsible to us and the whole country represented

LIBRARY ARCHIVES Kerala Legislative Assembly

by the Government of India is in duty bound to see that our mere wants are satisfied in this regard. Therefore, I should like to place these facts before them.

In the first place, they must realise that it is their duty. If the U. P. rice is too costly, let them give us rice from other areas, say from Madhya Pradesh or Assam, from wherever it can be had. They are not going to get it from outside. At the same time, they cannot starve us. Let them get it at reasonable price. Why should they get the costly rice from U. P. for supplying us?

ശ്രീ. വി. ഒ. മാക്കോസ്: മദ്ധ്യപ്രദേശത്തു് പ്രൊക്യുവർമെൻറതന്നെ ഇല്ല.

Sri. A. Thanu Pillai: Yes, Sir, I do not want to disclose facts which have come to my knowledge when I attended the Food Conference myself. I only say that every State in the Union should realise its duty to the entire country and thereby its duty to every other State. If the individual States do not or will not realise that, the Governmment of India should make them do so. In the Indian Constitution, for a period of five years, the Central Government has been given power to legislate in the matter of food. It should be used for good purposes. There are surplus States. Madhya Pradesh is a surplus area. Assam is another. What is the meaning of this declaration when they would not import? Are they going to starve us? If they cannot make a fair distribution of the surplus according to the needs of the States, let them import. Let us get good food. If they do not want to import, they must purchase from surplus areas or produce and give us good food. We are now being driven to the position of starvation. How can we pay at the rate of Rs. 72 a bag?

Sir, we are a very backward State in regard to food production. We are a deficit area deficit to the extent of 60 per cent or so. There are other areas which are deficit to the extent of only 5 per cent. They should therefore pay special attention to Travancore-Cochin and they have very adequate and substantial reasons for doing so. We are a 60 per cent deficit area and we cannot be starved. A ten per cent deficit area, like Madras may be told that they would not be given all the three meals. They can be told to fill their belly nine-tenth. But they cannot tell us—"fill your belly half". They must give priority in this matter to Travancore-Cochin. That is the first point.

Then, they must give us rice as cheap as possible, from areas where it is cheap. If either of these alternatives is to be negatived, we must certainly insist it on the subsidy being granted to us. I think I am right in believing that when they give up importing foreign rice they may also give up the idea of granting subsidy. That will be the consequence and I say it is a dire consequence. Therefore, in all humility, I go to the extent of saying that it is a stupid declaration. If they could give us rice, I can quite understand their giving up subsidy. If we are to pay not only the price that we were paying the imported rice, but even more, it is something grossly unjust. If we are to pay Rs. 64 for the U. P. rice and if the Government of India are acquiescing in the position, how can be pass lightly over the matter? How can Pandit Nehru be allowed to be unreasonable when it is going to affect the people? How can we accept this position? Ours is a small State. How are we to find money to meet this loss? The Government of India must be made to understand all the facts.

Sir, I would go one step further. It is not only 75 per cent; they must give Travancore-Cochin full subsidy, because we have been consistently losing so heavily in the past. They never give us subsidy till two years ago. But what is the effect of the financial integration now accomplished? Everything has been put on a common basis. Our military lines, our Aerodrome—what are now called Federal subjects—they have taken them all. How did all these come into being in this State? Because we had surplus money in our hands. We did not have to pay them our income-tax and customs revenue. And these things came into existence because of the surplus funds. These have been taken over, and they cannot leave us to ourselves and say we must feed ourselves. Are we, only the people of Travancore-Cochin?

We are the people of India more and therefore they must give us the full loss we have to sustain if they cannot lower the price. Sir, it is time for the Hon'ble Minister to reply. I would therefore conclude by saying that they must lower the prices and if they cannot do so, whatever be the area of procurement, they must give us subsidy and they must not make this State lose a pie on account of this food supply.

ശ്രീ. ടി. കെ. നാരായണപിള്ള: സർ, ഇതിനെ സംബന്ധിച്ചു് എനിക്കും വിവരങ്ങൾ ഇന്നു രാവിലെതന്നെ ഞാൻ ബഹുമാനപ്പെട്ട അംഗങ്ങളുടെ മുമ്പാകെ വച്ചിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

[Sri T. K. Narayana Pillai]

തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തിലേക്ക് വിദേശത്തുനിന്നും മൊത്തത്തിൽ വരുത്തേണ്ടതായിരിക്കുന്നത് അല്ലെങ്കിൽ വിദേശരാജ്യങ്ങളിൽനിന്നും കിട്ടാതിരുന്നാൽ നമുക്കു ബുദ്ധിമുട്ടുണ്ടാകാൻ ഇടയുള്ളതായ അരിയുടെ അളവ് മൂന്നലക്ഷത്തി എഴുപതിനായിരം ടൺ ആണ്.

ശ്രീ. പി. ടി. ചാക്കോ: മൂന്നലക്ഷത്തി എഴുപതിനായിരം ടൺ എന്നു പറയുന്നതു് ഇപ്പോൾ നമുക്ക് അലോട്ടുചെയ്തിട്ടുള്ള അരിയുടെ അളവാണോ?

ശ്രീ. ടി. കെ. നാരായണപിള്ള: അത്രത്തോളം അരി നമുക്കു അലോട്ടുചെയ്തിട്ടില്ലെന്ന് ശ്രീ. ചാക്കോയുടെ ഒരു ചോദ്യത്തിനുത്തരമായിതന്നെ ഞാൻ നേരത്തെ പറഞ്ഞിട്ടുണ്ട്. നമുക്ക് ആവശ്യമുള്ള അരിയുടെ അളവാണ് മൂന്നലക്ഷത്തി എഴുപതിനായിരം ടൺ. ഏകദേശം മുയിരം ടൺ അരിയാണ് ദിവസം ഒന്നിന് നമ്മുടെ സംസ്ഥാനത്തിലേയ്ക്ക് ആവശ്യമായിട്ടുള്ളതു്. നമുക്ക് ആവശ്യമുള്ള മൂന്നലക്ഷത്തി എഴുപതിനായിരം ടൺ അരിയും ഇക്കൊല്ലം നമുക്ക് അനുവദിച്ചുതന്നിട്ടില്ലെന്ന് സഭയിൽ മുമ്പുതന്നെ ഞാൻ പ്രസ്താവിച്ചിട്ടുണ്ട്. മദ്ധ്യപ്രദേശ ഗവൺമെണ്ടിൽനിന്നും അറുപതിനായിരം ടൺ അരിയും ഉത്തരപ്രദേശ ഗവൺമെണ്ടിൽനിന്നും മുപ്പതിനായിരം ടൺ അരിയുമായി ആകെ തൊണ്ണൂറായിരം ടൺ അരിയാണ് നമുക്ക് ഇതിനകം അനുവദിച്ചുതന്നിട്ടുള്ളതു്. അതിൽ മദ്ധ്യപ്രദേശഗവൺമെണ്ടിൽനിന്നും അനുവദിച്ചിട്ടുള്ള അരിക്ക് മാണ്ടു് ഒന്നിന് ൧൨ രൂപ ൧൨ അണയും, ൧൨ രൂപയും ആണ് വില നിശ്ചയിച്ചിരിക്കുന്നതു്. അങ്ങനെ മദ്ധ്യപ്രദേശത്തുനിന്നും വാങ്ങുന്ന അരിക്ക് അവിടെ വാങ്ങുന്ന വില ചാക്കൊന്നിന് ൨൧ രൂപ ആകുമെന്നാണ് പ്രതീക്ഷിക്കുന്നതു്. ആ അരി ഇവിടെ വന്നുചേരുന്നതിന് ചാക്കൊന്നിന് എട്ടുരൂപക്കും പത്തുരൂപയ്ക്കും ഇടക്കുള്ള ഒരു സംഖ്യ വിലവാകുമെന്നും പ്രതീക്ഷിക്കുന്നുണ്ട്. ആ അരി ഇവിടെ വന്നു ചേരുമ്പോൾ ആ കണക്കിന് ചാക്കൊന്നിനു ൨൯ രൂപാ വിലവരുമെന്നു കാണാവുന്നതാണ്. ഇവിടെ ഇപ്പോൾ അരി വിറ്റുകൊണ്ടിരിക്കുന്നതു് ചാക്കിന് ൨൪ രൂപക്കാണെന്നുള്ള വസ്തുത ബഹുമാനപ്പെട്ട അംഗങ്ങൾക്കും അറിവുള്ളതാണ്. അതുകൊണ്ട് മദ്ധ്യപ്രദേശത്തുനിന്നും വരുന്ന അരിയുടെ മാത്രം കണക്കു നോക്കിയാലും ഇപ്പോഴത്തെ വില്പനവില വർദ്ധിപ്പിക്കാതെ ൨൪ രൂപക്കു തന്നെ മേലും വിൽക്കുകയാണെങ്കിൽ ചാക്കൊന്നിന് ൬ രൂപാ വീതം ഗവൺമെണ്ടിനു് നഷ്ടം നേരിടുന്നതാണ്. ഉത്തരപ്രദേശഗവൺമെണ്ടിന്റെ കാര്യത്തെപ്പറ്റി ഇന്നു രാവിലെതന്നെ ഞാൻ പറഞ്ഞുകഴിഞ്ഞു. അതിനെസംബന്ധിച്ചുള്ള വിവരങ്ങൾ ഈ ഗവൺമെണ്ടിനു കിട്ടിയിട്ടുള്ളതു് സമീപകാലത്തുമാത്രമാണ്. ഇവിടെ നിന്നും അയച്ച ഉദ്യോഗസ്ഥന്റെ റിപ്പോർട്ടു കിട്ടിയതിനുശേഷം മാത്രമാണ് ഗവൺമെണ്ടിനു് അവിടത്തെ സൂക്ഷ്മമായ വിവരങ്ങൾ മനസ്സിലാക്കാൻ സാധിച്ചിട്ടുള്ളതു്. അവർ ഇപ്പോൾ പറയുന്നതു് ഒന്നും രണ്ടും മൂന്നും തരത്തിലുള്ള അരിമാത്രമേ സുലഭമായിട്ടുള്ളു എന്നും ബാക്കിയുള്ള തരം അരി ഒന്നുംതന്നെ ഇപ്പോൾ തരുന്നതിനു് സാദ്ധ്യമല്ലെന്നും അതുകൊണ്ട് ഈ ഗവൺമെണ്ടിനാവശ്യമുണ്ടെങ്കിൽ ഒന്നാംതരമോ രണ്ടാംതരമോ മൂന്നാംതരമോ അരി വാങ്ങിക്കൊള്ളണമെന്നും അല്ലാത്തപക്ഷം നമുക്കാവശ്യമുള്ള മുപ്പതിനായിരം ടൺ അരിയും സപ്ലൈ ചെയ്യുന്നതിനു് അവർക്ക് സാദ്ധ്യമല്ലെന്നും ആണ്. ഇതിനകം വാങ്ങിയിട്ടുള്ള പതിനയ്യായിരം ടൺ അരി മൂന്നാം തരത്തിൽപ്പെട്ടതും മാണ്ടിനു് പതിനെട്ടുരൂപ, പത്തൊൻപതുരൂപ, ഇരുപതു് രൂപ, എന്നീ ക്രമത്തിനു് വിലയുള്ളതുമാണ്. ബാക്കിയുള്ള പതിനയ്യായിരം ടൺ അരിക്ക് ൨൨ രൂപയും, ൨൦ രൂപയും, ൨൫ രൂപയും മാണ്ടൊന്നിനു് വില കൊടുക്കാൻ ഈ ഗവൺമെൻറ് നിർബന്ധിതമാണ്. ഇതിനകം വാങ്ങിയിട്ടുള്ള പതിനയ്യായിരം ടൺ അരിയുടെ വില ഈ ഗവൺമെൻറ് അയച്ചുകൊടുത്തിട്ടുണ്ട്. ഇനിയും അരി വാങ്ങണമോ എന്നു തീരുമാനിക്കണമെന്നും വാങ്ങണമെങ്കിൽ എത്രമാത്രം ആവശ്യമുണ്ടെന്നു് അറിയിക്കണമെന്നുമാണ് ഇവിടെ നിന്നും പോയിട്ടുള്ള ഉദ്യോഗസ്ഥൻ ഈ ഗവൺമെണ്ടിനോടു് ആവശ്യപ്പെട്ടിരിക്കുന്നതു്. നാം വാങ്ങിയിട്ടുള്ള പതിനയ്യായിരം ടൺ അരി സ്പെഷ്യൽ ടെയിൻമാർഗ്ഗം അവിടെ നിന്നും കയറ്റി അയച്ചുകഴിഞ്ഞിട്ടുണ്ട്. അതു് ഇപ്പോൾ മുറുചെയ്തുകൊണ്ടിരിക്കുകയാണ്. ബാക്കിയുള്ള അരിയും ഉടനെതന്നെ കയറ്റി അയക്കുന്നതാണ്. സമീപകാലത്തുതന്നെ ഇവിടെവന്നുചേരുകയും ചെയ്യും. ആ അരിക്ക് മിക്കവാറും മാണ്ടിനു് ൨൨ രൂപാ ൧൦ അണ വിലവാകുമെന്നാണ് പ്രതീക്ഷിക്കുന്നതു്. അങ്ങനെ കണക്കാക്കുന്നപക്ഷം ഏകദേശം ൫ ൬ രൂപ നിരക്കാണ് ഉത്തരപ്രദേശ

LIBRARY ARCHIVES Kerala Legislative Assembly

ത്തുനിന്നും വാങ്ങാൻ ഇടയായിട്ടുള്ള പതിനെണ്ണായിരം ടൺ അരിയുടെ വില. അതായതു് ഇപ്പോഴത്തെ വില്പനവില അനുസരിച്ചു് ചാക്കൊന്നിനു് മിക്കവാറും ഏഴു രൂപ നഷ്ടപ്പെടാൻ ഈ ഗവണ്മെണ്ടു് നിർബന്ധിതമായിത്തീരുന്നതാണു്.

അരിയുടെ വിലകുറക്കണമെന്നു് ഈ രാജ്യത്തിന്റെ നാനാഭാഗങ്ങളിൽനിന്നും ആവശ്യപ്പെട്ടുകൊണ്ടിരിക്കുമ്പോൾ ഇനിയും വില കൂട്ടുക എന്നുള്ളതു് സാദ്ധ്യമല്ലാത്തസംഗതിയാണെന്നുള്ളതിൽ അഭിപ്രായവ്യത്യാസത്തിനു അവകാശമില്ല. അരിവില കൂട്ടാതെ ഇന്നത്തെ വിലക്കുതന്നെ അരിവിതരണം നടത്തിക്കൊണ്ടിരിക്കുകയാണെന്നുകിൽ ഒരു ചാക്കിനു് ഏഴു രൂപ വീതം നഷ്ടമുണ്ടാകുമെന്നു ഞാൻ പറഞ്ഞല്ലോ. അങ്ങനെ എത്ര ആയിരം രൂപയാണു്, എത്ര ലക്ഷം രൂപയാണു് ഈ ഒരു വ്യാപാരത്തിൽതന്നെ ഈ ഗവണ്മെണ്ടിനു് നഷ്ടപ്പെടാൻ പോകുന്നതു് എന്നുള്ളതിനെപ്പറ്റി പ്രത്യേകം പറയേണ്ട ആവശ്യമില്ലല്ലോ. ഈ മാതിരിയുള്ള സ്ഥിതിഗതികൾ തുടരുന്നപക്ഷം, നമുക്കു് ഇക്കൊല്ലം അലോട്ടുചെയ്തിട്ടുള്ള മുന്നുലക്ഷം ടൺ അരിമുഴുവൻ ഉത്തരപ്രദേശത്തുനിന്നോ അതുപോലെ വിലകൂടുതലുള്ള മറ്റു പ്രദേശങ്ങളിൽ നിന്നോ വാങ്ങണമെന്നു ഇൻഡ്യാഗവണ്മെണ്ടു് ആവശ്യപ്പെടുന്നപക്ഷം നമുക്കു് അതു വാങ്ങാൻ സാധിക്കുമോ എന്നുള്ളതിനെപ്പറ്റി ആലോചിക്കേണ്ടതു് വളരെ അത്യാവശ്യമായിത്തീർന്നിട്ടുണ്ടു്. തീർച്ചയായും ഇൻഡ്യാഗവണ്മെണ്ടും ഉത്തരപ്രദേശഗവണ്മെണ്ടും ഇതേസംബന്ധിച്ചു് അനുവർത്തിച്ചുവരുന്ന നയം സൂക്ഷ്മീകരിക്കത്തക്കതാണെന്നു് ഈ ഗവണ്മെണ്ടു് ഒരു നിമിഷംപോലും വിചാരിക്കുന്നില്ല. ശ്രീ. താണുപിള്ള അവർകളും, ശ്രീ. മാർക്കോസു് അവർകളും മറ്റു ബഹുമാനപ്പെട്ട അംഗങ്ങളും ഇവിടെ ഉന്നയിച്ച വസ്തുതികളോടു് ഈ ഗവണ്മെണ്ടു് പരിപൂർണ്ണമായി യോജിക്കുന്നുണ്ടു്.

ഫ്രൻ ഓഫ്രൻ ശേഷം വിദേശങ്ങളിൽ നിന്നും അരിയോ മറ്റു ഭക്ഷ്യധാന്യങ്ങളോ ഇറക്കുമതിചെയ്യുന്നതല്ലെന്നുള്ള പ്രഖ്യാപനം ഉണ്ടായപ്പോൾ ന്യായമായി ഈ ഗവണ്മെന്റും ഈ രാജ്യത്തുള്ള ജനങ്ങളും വിചാരിച്ചതു് ഈ രാജ്യത്തക്കാവശ്യമുള്ള ഭക്ഷ്യധാന്യങ്ങളെല്ലാംതന്നെ ഇൻഡ്യയിലെ ഇതരഭാഗങ്ങളിൽനിന്നും കുറഞ്ഞ വിലക്കു തരുന്നതിനു് ഇൻഡ്യാഗവണ്മെണ്ടിനു സാധിക്കുമെന്നായിരുന്നു. ആ പ്രതിക്ഷയിലണു് ഈ ആണ്ടത്തെ ബഡ്ജറിലെ വിവരങ്ങളും കൊള്ളിച്ചിട്ടുള്ളതു്. അക്കാലത്തു് സ്വപ്നത്തിൽപോലും വിചാരിച്ചിരുന്നില്ല, ഉത്തരപ്രദേശഗവണ്മെണ്ടാകട്ടെ, മദ്ധ്യപ്രദേശഗവണ്മെണ്ടാകട്ടെ സിൻഡു ഗവണ്മെണ്ടാകട്ടെ ഈ മാതിരി വിലക്കൂടുതൽ ആവശ്യമായിട്ടായാലും അനാവശ്യമായിട്ടായാലും നമ്മോടു് ആവശ്യപ്പെടും എന്നു്. ഏതായാലും ഈ തരുണത്തിൽ ഈ ഗവണ്മെണ്ടു് ശക്തമായ ഒരു നില സ്വീകരിക്കണമെന്നു് തീരുമാനിച്ചിട്ടുണ്ടെന്നുള്ള വസ്തുത ബഹുമാനപ്പെട്ട അംഗങ്ങളെ അറിയിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു.

ശ്രീ. പി. ടി. ചാക്കോ: ഗവണ്മെൻറു് ഇതിനകം എന്താണു ചെയ്തിട്ടുള്ളതു്.

ശ്രീ. ടി. കെ. നാരായണപിള്ള: ഈ ഗവണ്മെണ്ടു് ഇതുസംബന്ധിച്ചു് ഇതിനകം നിവേദനങ്ങളും നടത്തിക്കഴിഞ്ഞിട്ടുണ്ടു്. ഞാൻ നേരത്തേ പറഞ്ഞല്ലോ ഇവിടെനിന്നും അയച്ച ഉദ്യോഗസ്ഥന്റെ റിപ്പോർട്ടു് ഈ ഗവണ്മെണ്ടിനു കിട്ടിയിട്ടു് ഒരാഴ്ചപോലും ആയില്ലെന്നു്. റിപ്പോർട്ടുകിട്ടിയതിനുശേഷം രണ്ടു ദിവസത്തിനകമായിത്തന്നെ അതിനെസംബന്ധിച്ചുള്ള എല്ലാവിവരങ്ങളും കാണിച്ചു് ഇൻഡ്യാഗവണ്മെണ്ടിനു് നിവേദനങ്ങളും സമർപ്പിച്ചിട്ടുണ്ടു്. വേണ്ടിവന്നാൽ കൂടുതൽ നിവേദനങ്ങളും സമർപ്പിക്കുന്നതിനും അതുകൊണ്ടും മതിയായില്ലെങ്കിൽ മറ്റുപരിഹാരമാർഗ്ഗങ്ങളും അന്വേഷിക്കുന്നതിനും ഈ ഗവണ്മെണ്ടു മടിക്കുന്നതല്ലെന്നു് ബഹുമാനപ്പെട്ട സഭയെ അറിയിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു.

ഈ ഗവണ്മെണ്ടു് തിരുവിതാംകൂർ കൊച്ചി സംസ്ഥാനത്തിൽനിന്നു മാത്രം ഏകദേശം പത്തുകോടിക്കും പന്ത്രണ്ടു കോടിക്കും ഇടക്കുള്ള ഡാളർ ഇൻഡ്യാഗവണ്മെണ്ടിനു് സമ്പാദിച്ചുകൊടുക്കുന്നുണ്ടു്. അതുപോലെ ഡാളർ ഈ രാജ്യത്തെ ജനങ്ങളും ഇൻഡ്യാഗവണ്മെണ്ടിലേക്കു് സമ്പാദിച്ചുകൊടുത്തുകൊണ്ടിരിക്കുന്നസ്ഥിതിക്കു് ആ ഡോളറുള്ള ഭക്ഷ്യധാന്യങ്ങളെങ്കിലും, വേണ്ടിവന്നാൽ അന്യരാജ്യങ്ങളിൽനിന്നും ഇറക്കുമതിചെയ്യുന്നതിനുള്ള അധികാരം ഞങ്ങൾക്കു തരേണ്ടതു് ആവശ്യമാണെന്നു വാദിക്കുവാനാണു് ഞങ്ങൾ ഉദ്ദേശിക്കുന്നതു്. ഏതെങ്കിലും കാരണവശാൽ ഈ വിലകുറക്കുന്നതിനു് മതിയായ കാരണങ്ങൾ ഇല്ലെന്നു് ഇൻഡ്യാഗവണ്മെണ്ടു വിചാരിക്കുന്നപക്ഷം നമുക്കു് ആദ്യമേ തരാമെന്നു സമ്മതിച്ചിട്ടുള്ള സബ്സിഡി എങ്കിലും, അതായതു് അന്യരാജ്യങ്ങളിൽനിന്നും ഇറക്കുമതിചെയ്യുന്നതായ ഭക്ഷ്യ

LIBRARY ARCHIVES Kerala Legislative Assembly

[Sri. T. K. Narayana Pillai]

ധാന്യങ്ങളെസംബന്ധിച്ച് നമുക്കുണ്ടാകുന്നതായ നഷ്ടത്തിന്റെ പരിഹാരത്തിനായി വാശ്ത്തംചെയ്തിട്ടുള്ള ൭ ൫ ശതമാനം സബ്സിഡി എങ്കിലും നമുക്ക തരണമെന്നുള്ള ഒരു വാദവും ഞങ്ങൾ ഉന്നയിച്ചിട്ടുണ്ട്. അതിനെസംബന്ധിച്ച് കൂടുതൽ ശക്തിയായി വാദിക്കാനും ഞങ്ങൾ ഉദ്ദേശിക്കുന്നുണ്ട്.

ഒരു സംഗതിയിലേക്ക കൂടി ബഹുമാനപ്പെട്ട അംഗങ്ങളുടെ ശ്രദ്ധവിഷയിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഇതേസംഗതിതന്നെ പാർലമെന്റിലും ഉന്നയിക്കയുണ്ടായിട്ടുണ്ട്. ഇപ്പോൾ ഭക്ഷ്യമന്ത്രി ശ്രീ. ഭവലത്ത്റാം പറയുകയുണ്ടായി വിദേശങ്ങളിൽനിന്നും ഭക്ഷ്യധാന്യങ്ങൾ ഇറക്കുമതിചെയ്യുന്നതിന് ഫിനാൻസു മിനിസ്ട്രിയുടെ അനുവാദമുണ്ടെങ്കിൽ ഫുഡ് മിനിസ്ട്രിക്ക് യാതൊരുവിരോധവുമില്ലെന്ന്. എന്നാൽ അതോടുകൂടി നമുക്ക തന്നുകൊണ്ടിരിക്കുന്ന ബോണസ്സ് സംഖ്യ ഇനിമേൽ തരാൻ സാദ്ധ്യമല്ലെന്നും അദ്ദേഹം പറയുകയുണ്ടായി. ബോണസുതരുന്നത് ചില പ്രത്യേക ഉദ്ദേശങ്ങളോടുകൂടിയാണ്. ഈ രാജ്യത്ത് സ്വയംപര്യാപ്തത കൈവരുത്തുന്നതിനവേണ്ടിയും, കൃഷി വികസിപ്പിക്കുന്നതിനവേണ്ടിയും കൂടുതൽ ജലസേചനപദ്ധതികൾ ഉണ്ടാക്കുന്നതിനവേണ്ടിയും ആണ് ബോണസ് തരുന്നത്. അങ്ങിനെ ചില നിശ്ചിത ഉദ്ദേശങ്ങളോടുകൂടി തരുന്നതായ ബോണസ്സ് ഈ ഇനത്തിൽ തട്ടിക്കഴിക്കാമെന്നു് ഇൻഡ്യാഗവണ്മെന്റോ ശ്രീ. ഭവലത്ത്റാമോ വിചാരിച്ചിട്ടുണ്ടെങ്കിൽ അതു മറ്റു പ്രവിശ്യകളോടും, നാട്ടരാജ്യയുണിയനുകളോടും ചെയ്യുന്ന ഒരനീതിയാണ്, അധർമ്മമാണ് എന്നു പറയുവാൻ ഞാൻ ഒട്ടും മടിക്കുന്നില്ല. ഏറ്റവും ഭവരവമേറിയ ഈ സംഗതിയിൽ ബഹുമാനപ്പെട്ട അംഗങ്ങളുടെ എല്ലാവരുടേയും സഹകരണമുണ്ടെന്നു് കാണുന്നതു് വളരെ സന്തോഷപ്രദമായ ഒരു കാര്യമാണ്. ഈ സംഗതിയെ സംബന്ധിച്ച് ഗവണ്മെണ്ടു് ഒരു ഉറച്ച നില എടുത്തിട്ടുണ്ടെന്നും അതിനെതുടർന്ന് വേണ്ട മറ്റു സകല ഏർപ്പാടുകളും ചെയ്യുന്നതിനു് ഈ ഗവണ്മെണ്ടു് സന്നദ്ധമാണെന്നും ബഹുമാനപ്പെട്ട അംഗങ്ങളെ അറിയിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു.

The adjournment motion was put and carried unanimously.

Prevention of Corruption Bill *(cont.)*

Clause 1 (cont.)

M. Speaker: We were at the amendment to clause 1, sub-clause (2). The Advocate-General will explain it further.

The Advocate-General: Sir, I want to bring to the notice of the House entry No. 41 in the State List and entry No. 1 in the Concurrent List. Entry No. 41 in the State List reads thus:

"State Public Service; State Public Service Commission." Entry No. 1 in the Concurrent List reads:

"Criminal Law, including all matters included in the Indian Penal Code at the commencement of this Constitution, but excluding offences against laws with respect to any of the matters specified in List I or List II and excluding the use of naval, military or air forces....".

Reading entry No. 41 in the State List and entry No. 1 in the Concurrent List it is abundantly clear that the Centre has no right to touch by legislation anything relating to the Criminal laws relating to the State public service. So that, the Centre has no right to legislate on this matter. The only Legislature that can function with respect to the item of criminal law bearing upon State public service, is the State itself. And therefore, any legislation on this matter is not a legislation that can legitimately or reasonably be undertaken by the Centre. That is one thing.

I might also mention one passage where the law in this matter has been very clearly stated. I am quoting a passage from 'Maxwell on the Interpretation of Statutes', Chapter VI.

"Primarily, the legislation of a country is territorial. The general rule is, that extra territorium jus dicenti impune non paretur. The laws of a nation apply to all its subjects and to all things and acts within its territories, including in this expression not only its ports and waters which form, in England, part of the adjacent country, but its ships whether armed or unarmed, and the ships of its subjects on the high seas or in foreign tidal waters, and foreign private ships within its ports. They apply also to all foreigners within its territories (not privileged

LIBRARY ARCHIVES Kerala Legislative Assembly